# ഹെർമ്മോൻ ദൂതൻ

അടൂർ ഭദ്രാസന ത്രൈമാസിക | 2018 ഏപ്രിൽ – ജൂൺ | ലക്കം: 9

## ക്രിസ്തുശോഭയിൽ വിരിഞ്ഞ പത്മമായും

## പത്മഭൂഷിതനായ സൂര്യതേജസ്സായും...



elathil

Celebrating 3 DECADES of excellence

കാലത്തിനൊപ്പം
മാറുന്ന
ഭവന സങ്കല്പങ്ങൾക്ക്...



ടൈൽസ്, പെയിന്റ്സ്,
സാനിറ്ററി വെയർ
എന്നിവയ്ക്ക് മാത്രമായി
നവീകരിച്ച അത്യാധുനിക
കോൺസെപ്റ്റ് ഔട്ട്ലെറ്റ്

# Melathil Hardware Centre

Thatta Road, Adoor, Ph: +91 4734 227405, 224802,
+91 9847663300, 98472 72877, 95264 78674

▸ Tiles & Granites ▸ Bathroom fittings ▸ Kitchen Accessories ▸ Paints ▸ Cements ▸ Steels ▸ Structurals & Tubes ▸ Roofing Sheets

Ultimate customer satisfaction assured

All items on display are immediately available.
**Visit our showroom to experience our Product, Price & Services.**

നിങ്ങളുടെ ഇഷ്ട വർണ്ണങ്ങളുടെ ട്രെൻഡി കോമ്പിനേഷൻസും,
ഏറ്റവും മികച്ച ഫിനിഷും നേരിൽ കണ്ടു മനസിലാക്കുവാൻ
asianpaints Colourideas
പത്തനംതിട്ടയിലെ ഏക
ഏഷ്യൻ പെയിന്റ്സ് കളർ ഐഡിയാസ് ഷോറൂം

Extensive collection of tiles from leading brands

Total Building Solutions From The Trusted Group

NITCO · SOMANY · JOHNSON · RAK CERAMICS · AGL · VARMORA · exxaro · SPARTEC PAVERS · asianpaints Colourideas · INDIGO · MRF · Dr. FIXIT · Classic Paints · American Standard · GROHE · BENELAVE · royale · hindware · JOHNSON BATHROOMS · KAFF · Kriztle · ASTRAL PIPES


www.melathilgroup.com, E-mail@melathilgroup.com

**Melathil Granito**
*Exclusive store for granites & Marbles*
High School Jn, Near Armanapady,
MC Road, Adoor, Ph: +91 9961 253300

**Melathil Steels**
Thatta Road, Adoor,
Ph: +91 4734 227405

**M&M Distributors**
*Complete Roofing Material Solutions*
40th Mile, MC Road, Adoor, Ph: 04734 229300

ഹെർമ്മോൻ ദൂതൻ
അടൂർ ഭദ്രാസന ത്രൈമാസിക



# ഉള്ളടക്കം

ഭദ്രാസന എപ്പിസ്കോപ്പായുടെ കത്ത്
ഭദ്രാസന സെക്രട്ടറിയുടെ അറിയിപ്പുകൾ
എഡിറ്റോറിയൽ

8 ദിദിമോസ് ഉയിർത്തെഴുന്നേൽപ്പിന്റെ പുനർവായന
–സ്മിത മെറിൻ തോമസ്

10 പാർശ്വവത്കരിക്കപ്പെട്ടവരുടെ ശബ്ദം
–റവ. ജിനു ജേക്കബ്

12 മൊബൈൽ ഫോൺ അഡിക്ഷൻ...
–റവ. സാം ലൂക്കോസ്

13 ട്രാൻസ്ജെൻഡേഴ്സ് മനുഷ്യരോ?
–റവ. ഫിലിപ്പ് ജോർജ്ജ്

19 ക്രിസ്തുശോഭയിൽ വിരിഞ്ഞ...
–ഷാജി ജോർജ്ജ്

21 മൊഴികൾ മഞ്ഞുകളാക്കിയ മാർ ക്രിസോസ്റ്റം
–റവ. മാത്യു പി. തോമസ്

25 നർമ്മത്തിന്റെ മഞ്ഞുതുള്ളികൾ
–അഭിമുഖം

29 Water cans at Cana
-O.C. Cherian

പ്രസിഡന്റ്
**റൈറ്റ് റവ.ഡോ. ഏബ്രഹാം മാർ പൗലൊസ് എപ്പിസ്കോപ്പാ**

ഭദ്രാസന സെക്രട്ടറി
**റവ. വി. കുഞ്ഞുകോശി**

ചീഫ് എഡിറ്റർ
**റവ. പി.ജെ. തോമസ്**

മാനേജർ
**റവ. ഷിബു മാത്യു**

കമ്മിറ്റി അംഗങ്ങൾ
**റവ. മാത്യു പി. തോമസ്**
**ശ്രീ. വർഗീസ് തരകൻ**
**ശ്രീ. ജോൺസൺ വൈദ്യൻ**
**അഡ്വ. പി.കെ. സക്കറിയ**
**ശ്രീ. ജോൺ സക്കറിയ**
**ശ്രീമതി. സുമാ ജോർജ്ജ്**

കവർ & ലേഔട്ട്
**ജ്യുവൽ ഗ്രാഫിക്സ്, അടൂർ**

വിലാസം:
എഡിറ്റർ
ഹെർമ്മോൻ ദൂതൻ
ഹെർമ്മോൻ അരമന, അടൂർ–691 523

Ph: 04734 228240
hermondoothan@gmail.com
www.adoordiocese.org

**വാർഷിക വരിസംഖ്യ – 50/-**



# ഭദ്രാസന എപ്പിസ്കോപ്പായുടെ കത്ത്

കർത്താവിൽ പ്രിയരെ,

ഹെർമ്മോൻദൂതന്റെ ഏപ്രിൽ-ജൂൺ ലക്കം നമ്മുടെ വലിയ മെത്രാപ്പോലീത്താ തിരുമേനിയുടെ ജന്മശതാബ്ദി പ്രത്യേക പതിപ്പായി പ്രസിദ്ധീകരിക്കുന്നതിൽ ഏറെ സന്തോഷമുണ്ട്. നൂറിന്റെ നിറവിലായിരിക്കുന്ന അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ തിരുമനസ്സിനെ രാജ്യം തന്നെ രാഷ്ട്രത്തിന്റെ ശ്രേഷ്ഠ ബഹുമതി നൽകി ആദരിച്ചിരിക്കുന്നു. മാർത്തോമ്മാ സഭയ്ക്ക് എന്നല്ല ഭാരത ക്രൈസ്തവ സമൂഹത്തിന് കൈവന്ന ഒരു അംഗീകാരമായി ഏവരും ഇതിനെ കാണുന്നു. സ്വതന്ത്രഭാരതത്തിന്റെ നാളിതുവരെയുള്ള ചരിത്രത്തിൽ ക്രൈസ്തവ സഭാ മേലദ്ധ്യക്ഷന് ഈ ആദരവ് നൽകിയത് ആദ്യമായിട്ടാണ്. എല്ലാവരാലും ആദരിക്കപ്പെടുന്ന അഭിവന്ദ്യ വലിയ മെത്രാപ്പോലീത്താ തിരുമേനി 1988-90 കാലഘട്ടത്തിൽ അടൂർ ഭദ്രാസന അദ്ധ്യക്ഷനായി അനുഗ്രഹീത നേതൃത്വം നൽകിയത് നാം നന്ദിയോടെ ഓർക്കുന്നു.

ഒരു സാധാരണ സുവിശേഷകനായി വടക്കേ കർണ്ണാടകയിൽ കർത്താവിന്റെ വേല ആരംഭിച്ച് പ്രേക്ഷിതവൃത്തിയിൽ അനേക പടവുകൾ ചവിട്ടിക്കയറി സമാദരണീയനായി ഇന്നും രാജ്യത്തിന്റെ ആത്മീയ ആചാര്യനായി പരിലസിക്കുന്നത് ദൈവകൃപ ഒന്നു മാത്രമാണ്. രണ്ടാം വത്തിക്കാൻ കൗൺസിൽ സംബന്ധിച്ച് ഇപ്പോഴും സജീവനേതൃത്വം പുലർത്തുന്ന അപൂർവ്വ ബഹുമതി വലിയ മെത്രാപ്പോലീത്താ തിരുമേനിക്ക് മാത്രം അവകാശപ്പെട്ടതാണ്. എല്ലാ ജീവിത തുറകളിലും ഉള്ളവരോട് വലിപ്പചെറുപ്പം കൂടാതെ പെരുമാറുന്നതിനാവശ്യമായ കഴിവാണ് തിരുമേനിയെ വ്യത്യസ്തനാക്കുന്നത്. തിരുമേനിയുടെ നർമ്മം കലർന്ന പ്രഭാഷണങ്ങൾ ഏവരേയും ഇരുത്തി ചിന്തിപ്പിക്കുന്നതാണ്. ആരെയും മുറിവേൽപ്പിക്കാതെ പറയേണ്ടുന്ന കാര്യങ്ങൾ കുറിക്കുകൊള്ളും വിധം പറയുന്നതിനുള്ള പാടവം എത്ര ശ്ലാഘിച്ചാലും മതിയാകില്ല. എല്ലാവരോടും സമഭാവേന പെരുമാറുവാൻ ദൈവം നൽകിയ പ്രത്യേക സിദ്ധി തിരുമേനിയെ ഒരു വേറിട്ട മഹാത്മാവായി ലോകം ദർശിക്കുന്നു. ജാതി, മത, പ്രത്യയശാസ്ത്ര ചിന്തകൾക്കതീതമായി ഏവരും തിരുമേനിയുടെ സാന്നിദ്ധ്യം കൊതിക്കുകയും അനുഗ്രഹ ആശിസ്സുകൾക്കായി സമീപിക്കുകയും ചെയ്യുന്ന നിത്യേനയുള്ള കാഴ്ച നമ്മെ അത്ഭുതപ്പെടുത്തും. തന്നെ സന്ദർശിക്കുന്നവർ വന്നിതിനേക്കാൾ ധന്യരായി മടങ്ങിപ്പോകുവാൻ തിരുമേനിയുടെ ഓരോ വാക്കും, പ്രവർത്തികളും സഹായകമാണ്. ഇത്രമാത്രം സൗഹൃദം പുലർത്തുന്ന ഒരു വ്യക്തിയെ കാണുക പ്രയാസമാണ്. ദൈവം തമ്പുരാൻ കനിഞ്ഞുനൽകിയ ധന്യമായ ആയുസ്സ് ഏറെക്കാലം അനുഗ്രഹം ചൊരിയുന്ന ആളത്വമായി പരിലസിക്കുവാൻ നമുക്കു പ്രാർത്ഥിക്കാം. അടൂർ ഭദ്രാസനത്തിലെ പട്ടക്കാരുടെയും സുവിശേഷകരുടെയും ജനങ്ങളുടെയും പേരിൽ സർവ്വ ആശംസകളും ആയുസ്സാരോഗ്യസൗഖ്യവും ആശംസിക്കുന്നു.

ഏപ്രിൽ 27-ാം തീയതി ജന്മദിനം കൊണ്ടാടുന്ന വലിയ മെത്രാപ്പോലീത്താ തിരുമേനിക്ക് സമ്മാനമായി ഭദ്രാസനം നൽകുന്നത് 300-ൽ കുറയാതെ വൃക്കരോഗികൾക്ക് ഡയാലിസിസിനുള്ള സഹായധനമാണ്. ദുഃഖിക്കുന്നവരുടെ കണ്ണീരൊപ്പുവാൻ എപ്പോഴും ശ്രമിക്കുന്ന വലിയ മെത്രാപ്പോലീത്താ തിരുമേനിക്ക് ഈ ജന്മദിനസമ്മാനം ഏറ്റവും സന്തോഷമായിരിക്കും.

2018-19 സാമ്പത്തികവർഷത്തേക്ക് തക്കതായ ചുമതലക്കാരെയും കൈസ്ഥാനസമിതി അംഗങ്ങളേയും യഥാസമയം തെരഞ്ഞെടുക്കുന്നതിന് ഇടവകകൾ കാട്ടിയ ഉത്സാഹത്തെ പ്രത്യേകം ശ്ലാഘിക്കുന്നു. അപ്രകാരം തന്നെ 2017-18 ലെ വാർഷിക റിപ്പോർട്ടും തെരട്ടും മെയ്മാസം 31-ാം തീയതിക്കകം ക്രമപ്രകാരം ഇടവകയോഗത്തിൽ പാസ്സാക്കി ഭദ്രാസന ഓഫീസിൽ നൽകിയിരിക്കേണ്ടതാണ്.

ഓരോ ഇടവകയിലേയും ഔദ്യോഗിക സംഘടനകൾ തങ്ങളുടെ വരവ്-ചെലവ് കണക്ക് തക്കസമയത്ത് ഓഡിറ്റിംഗിന് വിധേയമാക്കി, ഇടവക കണക്കിൽ സംയോജിപ്പിക്കുന്നതിന് കഴിയുംവിധം അതത് പൊതുയോഗങ്ങളിൽ പാസ്സാക്കി നൽകേണ്ടതാണ്. ബാങ്കിടപാടുകൾക്ക് സഭയുടെ പാൻകാർഡ് മാത്രമേ ഉപയോഗിക്കാവൂ എന്ന നിബന്ധന ഏവരും ശ്രദ്ധിക്കേണ്ടതാണ്. അപ്രകാരം സഭയുടെ പാൻകാർഡ് ഉപയോഗിക്കണമെങ്കിൽ കണക്കുകൾ യഥാസമയം ഓഡിറ്റിംഗിന് വിധേയമാക്കി പൊതുയോഗം അംഗീകരിച്ചെങ്കിലേ മതിയാകൂ.

മദ്ധ്യ-വേനൽ അവധിക്കാലത്ത് നടക്കുന്ന വി.ബി.എസ്. എല്ലാ ഇടവകകളിലും സൺഡേസ്കൂളുകളുടെ നേതൃത്വത്തിൽ ക്രമീകൃതമായി നടത്തുവാൻ ശ്രദ്ധിക്കണം. ഉന്നത വിദ്യാഭ്യാസം ലാക്കാക്കി നമ്മുടെ കുട്ടികൾക്ക് 'വിജയവഴി' എന്ന വിദ്യാഭ്യാസപദ്ധതിയിലൂടെ ഓരോ വർഷവും മദ്ധ്യവേനൽ ഓണം, പൂജ, ക്രിസ്തുമസ് അവധിക്കാലങ്ങളിൽ 4 ദിവസം വീതം നീണ്ടുനിൽക്കുന്ന റെസിഡൻഷ്യൽ ക്യാമ്പുകളിൽ വന്ന് സംബന്ധിക്കുവാൻ തക്ക വിദ്യാർത്ഥികളെ കണ്ടെത്തി അയയ്ക്കുന്നതിൽ ഇടവക വികാരിമാരുടെയും ചുമതലക്കാരുടെയും സൺഡേസ്കൂൾ പ്രവർത്തകരുടെയും പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്. സദുദ്ദേശത്തോടെ നടത്തുന്ന ഈ സ്വപ്നപദ്ധതിയിൽ ഏറെ ശ്രദ്ധ നൽകണമെന്ന് പ്രത്യേകം താല്പര്യപ്പെടുന്നു. പത്ത് ദിവസം നീണ്ടുനിൽക്കുന്ന ഡി-അഡിക്ഷൻ ക്യാമ്പുകൾ ഓരോ മാസവും നടത്തുന്നിന് നമുക്ക് സാധിക്കുന്നു. ഈ ക്യാമ്പുകളിൽ സംബന്ധിച്ച് വിടുതൽ ലഭിച്ച ആൾക്കാർക്ക് തുടർന്നും ആവശ്യമായ കൂട്ടായ്മയും പ്രോത്സാഹനവും നൽകുന്നതിൽ ഇടവകകൾ പ്രത്യേകം താല്പര്യപ്പെടണം. നമ്മുടെ ഭദ്രാസനം ഒരു മദ്യവിമുക്ത ഭദ്രാസനമായി തീരണമെന്നുള്ള ആഗ്രഹം ഏവരുടെയും സഹകരണത്താൽ സർവ്വശക്തനായ ദൈവം സാധിപ്പിച്ചുതരട്ടെ എന്ന് പ്രാർത്ഥിക്കാം. നമ്മുടെ ഭദ്രാസനത്തിലെ പുതിയ ഇടവകകളിലെ സ്കൂൾ വിദ്യാർത്ഥികൾക്കായി സ്കൂൾ വർഷാരംഭധ്യാനവും, പഠനോപകരണ വിതരണവും 2018 മെയ് 23-ാം തീയതി ബുധനാഴ്ച ഉച്ചതിരിഞ്ഞ് 2.30ന് അടൂർ സ്പിരിച്ചാലിറ്റി സെന്ററിൽ ക്രമീകരിക്കുന്നു. സ്കൂളിൽ പഠിക്കുന്ന കുട്ടികളുടെ പേരുവിവരം അവർ പഠിക്കുന്ന ക്ലാസ്സുകളും വികാരി അച്ചന്മാർ സാക്ഷ്യപ്പെടുത്തി മെയ് മാസം 15-ാം തീയതിക്കകം ഭദ്രാസന ഓഫീസിൽ അറിയിക്കേണ്ടതാണ്.

നമ്മുടെ ഭദ്രാസനത്തിൽ സ്തുത്യർഹമായ ശുശ്രൂഷകൾ നിറവേറ്റി മറ്റ് ഭദ്രാസനങ്ങളിലേക്ക് സ്ഥലം മാറിപ്പോകുന്ന ബഹുമാനപ്പെട്ട വികാരി അച്ചന്മാരോടും കുടുംബാംഗങ്ങളോടുമുള്ള നന്ദിയും സ്നേഹവും അറിയിക്കുന്നു.

നമ്മുടെ കൊറ്റനല്ലൂർ ശാലേം ഇടവക വികാരി ബഹുമാനപ്പെട്ട മാത്യൂസ് മാത്തുണ്ണി അച്ചൻ സജീവ സേവനത്തിൽനിന്ന് ഈ വർഷം വിരമിക്കുന്നു. അച്ചൻ ദീർഘകാലം സഭയ്ക്ക് നൽകിയ സേവനങ്ങളെ നന്ദിയോടെ സ്മരിക്കുന്നു.

നമ്മുടെ ഭദ്രാസനത്തിലെ ബഹുമാനപ്പെട്ട വൈദീകരുടെയും കുടുംബാംഗങ്ങളുടെയും ഒരു കൂടിവരവ് 2018 ഏപ്രിൽ മാസം 18-ാം തീയതി ബുധനാഴ്ച വൈകിട്ട് 4.30-ന് അടൂർ യൂത്ത് സെന്റർ ചാപ്പലിൽ ക്രമീകരിച്ചിരിക്കുന്നു. കുടുംബാംഗങ്ങളേവരും ഈ കൂടിവരവിൽ വന്ന് സംബന്ധിക്കണമെന്ന് താല്പര്യപ്പെടുന്നു.

2018-19 മാർത്തോമ്മാ സുവിശേഷ സേവികാസംഘത്തിന്റെ ശതാബ്ദി വർഷമാണല്ലോ. ശതാബ്ദി ആഘോഷത്തിന്റെ ഭാഗമായി ആവിഷ്കരിച്ചിരിക്കുന്ന വിവിധ സാമൂഹ്യ-ക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടിയുള്ള വിഭവസമാഹരണ പദ്ധതിയാമല്ലോ "A Rupee A Day' - 18 വയസ്സിന് മേൽ പ്രായമുള്ള എല്ലാ മാർത്തോമ്മാ വനിതകളും ഒരു ദിവസം ഒരു രൂപാക്രമത്തിൽ സമാഹരിച്ച് നൽകുന്നതിന് ഉത്സാഹിക്കണമെന്ന് ഉദ്ബോധിപ്പിക്കുന്നു. ഓരോ ഇടവകയിലും ഇത് സമാഹരിച്ച് നൽകുന്നതിന് സേവികാസംഘ ചുമതലക്കാരും പ്രവർത്തകരും അതീവ താല്പര്യം കാണിക്കേണ്ടതാണ്.

ഈ വർഷത്തെ വലിയ നോമ്പാചരണവും ഉയിർപ്പ് പെരുന്നാളും അതീവനിഷ്ഠയോടെ ആചരിക്കുന്നതിന് ദൈവം നമ്മെ സഹായിച്ചു. ഉയിർപ്പിന്റെ ഉണർവ്വോടും ഉത്സാഹത്തോടും കൂടെ ഇടവക ജീവിതം നയിപ്പാൻ ഏവരെയും ദൈവം സഹായിക്കട്ടെ. ക്രിസ്തു വാസ്തവമായി ഉയിർത്തുവെന്ന് എല്ലാവരോടും പങ്കുവെയ്ക്കുവാൻ നാം കടപ്പെട്ടവരാണ്. ഉയിർപ്പിന്റെ സന്ദേശവാഹകരായി ധന്യമായ ജീവിതം നയിപ്പാൻ ഏവർക്കും ദൈവം തുണചെയ്യട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

കർത്തൃശുശ്രൂഷയിൽ,

Mar Paulos +

ഹെർമ്മോൻ അരമന, അടൂർ
2018 ഏപ്രിൽ 1

**മാർ പൗലൊസ് എപ്പിസ്കോപ്പാ**



# ഭദ്രാസന സെക്രട്ടറിയുടെ
## അറിയിപ്പുകൾ......

ഒരു സാമ്പത്തിക വർഷംകൂടി കഴിഞ്ഞു. ലഭിച്ച ദൈവനടത്തിപ്പിനായി സ്തോത്രം അർപ്പിക്കാം. കഴിഞ്ഞ വർഷം ഭദ്രാസന പ്രവർത്തനങ്ങളിൽ ദൈവീകാനുഗ്രഹം വളരെയധികം ലഭിച്ചു. ഭദ്രാസനാദ്ധ്യക്ഷൻ അഭിവന്ദ്യ ഡോ. ഏബ്രഹാം മാർ പൗലോസ് തിരുമേനിയിലൂടെ ലഭിക്കുന്ന ധന്യവും കാലോചിതവുമായ നേതൃത്വം ഭദ്രാസനത്തിന്റെ ആകമാനമുള്ള വളർച്ചയ്ക്ക് സഹായകമായതോർത്ത് ദൈവത്തെ സ്തുതിക്കുന്നു.

അടൂർ ഭദ്രാസന കൺവൻഷൻ ജനുവരി 3 മുതൽ 7 വരെ കൺവൻഷൻ നഗറിൽവെച്ച് അനുഗ്രഹപ്രദമായി നടന്നു. അഭിവന്ദ്യ ജോസഫ് മാർ ബർന്നബാസ് തിരുമേനി കൺവൻഷൻ ഉദ്ഘാടനം ചെയ്തു. റവ.ഡോ. ഷാം പി. തോമസ്, റവ. ഷാജി തോമസ്, റവ. കാൽവിൻ ക്രിസ്റ്റോ എന്നിവർ നേതൃത്വം നൽകി. അഭിവന്ദ്യ തോമസ് മാർ തീത്തോസ് തിരുമേനി സമാപനദിവസം വിശുദ്ധ കുർബ്ബാനയും വചന ശുശ്രൂഷയും നടത്തി. ജനുവരി 26-ന് ഭദ്രാസന കുടുംബസംഗമം നടന്നു. റവ.ഡോ.ജേക്കബ് ചെറിയാൻ, റോബിൻ തോമസ് എന്നിവർ മുഖ്യ അതിഥികളായിരുന്നു. അഭിവന്ദ്യ ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മാർത്തോമ്മാ മെത്രാപ്പോലീത്തായുടെ ജന്മശതാബ്ദിയുടെ ഭാഗമായി സഭ നടപ്പാക്കുന്ന പദ്ധതിയായ 'മിഷൻ റ്റു ട്രാൻസ്ജൻഡേഴ്സ്' ന്റെ ഭദ്രാസന തലത്തിലുള്ള ബോധവത്കരണ സമ്മേളനം ഫെബ്രുവരി 10-ന് നടത്തി. അഭിവന്ദ്യ ഡോ. ഗീവർഗ്ഗീസ് മാർ തിയഡോഷ്യസ് തിരുമേനി, ഡോ. ഏബ്രഹാം മാർ പൗലോസ് തിരുമേനി, ഡോ. തോമസ് മാർ തീത്തോസ് തിരുമേനി എന്നിവർ നേതൃത്വം നൽകി.

അനുഗ്രഹ ഡീ-അഡിഷൻ ക്യാമ്പ് നവംബർ മാസം മുതൽ ആരംഭിച്ചു. വളരെയധികം കുടുംബങ്ങൾ ഇതിലൂടെ സന്തോഷം അനുഭവിക്കുന്നു. മദ്യപാനരോഗികളെ ഇതിലേക്ക് പറഞ്ഞുവിടുവാൻ ശ്രദ്ധിക്കണമേ.

എല്ലാ മാസവും നടന്നുവരുന്ന റിവൈവൽ മീറ്റിംഗ്, വിജയവഴി ക്ലാസുകൾ, പാലിയേറ്റീവ് ട്രെയിനിംഗ് ആദിയായവ നടന്നുവരുന്നു. ഏപ്രിൽ മാസം മുതൽ വിജയവഴി ക്ലാസ് 5 ദിവസം നീണ്ടുനിൽക്കുന്ന ക്യാമ്പായിട്ടാണ് ക്രമീകരിച്ചിരിക്കുന്നത്. ഇതിൽ ആദ്യത്തേത് ഏപ്രിൽ 15-ന് സ്പിരിച്ച്വാലിറ്റി സെന്ററിൽ നടക്കും. ക്യാമ്പിന്റെ അവസാനദിവസം ഐഎസ്ആർഒ, പ്ലാന്റേഷൻ ആദിയായ സ്ഥലങ്ങളിൽ പരിശീലക്ലാസായും ക്രമീകരിക്കുന്നു. 9-ാം ക്ലാസിന് മുകളിൽ പഠിക്കുന്നവർക്കും ആദ്യം രജിസ്റ്റർ ചെയ്യുന്ന 50 പേർക്ക് ഇതിൽ സംബന്ധിക്കാം.

ഭദ്രാസന അസംബ്ലി ജൂലൈ 14-ാം തീയതി ശനിയാഴ്ച നടത്തുവാനുള്ള ക്രമീകരണം നടന്നുവരുന്നു. നമ്മുടെ ഇടവകളുടെയും സംഘടനകളുടെയും കണക്ക് മേയ് 31-നകം ചാർട്ടേർഡ് അക്കൗണ്ടന്റ് ഓഡിറ്റ് ചെയ്ത് 10 ബിബി ഫോം സഹിതം ഭദ്രാസന ഓഫീസിൽ നൽകണം.

മെയ് മാസം ഒന്നാം തീയതി നമ്മുടെ ഭദ്രാസനത്തിൽ നിന്ന് മറ്റ് ഭദ്രാസനത്തിലേക്ക് സ്ഥലം മാറിപ്പോകുന്ന ബഹുമാനപ്പെട്ട അച്ചന്മാരിൽനിന്ന് ഭദ്രാസനത്തിന് ലഭിച്ച എല്ലാ നേതൃത്വത്തിനും സഹായ സഹകരണങ്ങൾക്കും നന്ദി അറിയിക്കുന്നു. പുതുതായി ഭദ്രാസനത്തിലേക്ക് വരുന്ന ബഹു. അച്ചന്മാരെ വളരെ സന്തോഷത്തോടെ ഭദ്രാസനത്തിലേക്ക് സ്വാഗതം ചെയ്യുന്നു.

**റവ. വി. കുഞ്ഞുകോശി**
ഭദ്രാസന സെക്രട്ടറി



Editorial

# നർമ്മത്തിന്റെ മഞ്ഞുതുള്ളികൾ ധർമ്മത്തിന്റെ നീർച്ചാലുകളായിത്തീരുമ്പോൾ

ഭാരതത്തിന്റെ ആദരവായ പത്മഭൂഷന് അർഹനായ മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്ത ആഗോള ക്രൈസ്തവ സഭയ്ക്കും സമൂഹത്തിനും അഭിമാനമാണ്.

അതിരുകളില്ലാത്ത മാനവികത, അനുകരണീയ ജീവിതശൈലി, അർപ്പണത്തോടുള്ള അജപാലനം, ആത്മചൈതന്യം തുളുമ്പുന്ന ആത്മീയത, ആകർഷണീയമായ ആശയാവതരണം, അനുകമ്പ നിറഞ്ഞ മഹാമനസ്കതയൊക്കെ ഈ ആചാര്യശ്രേഷ്ഠനെ അനേകരിൽ ആവേശം ഉണർത്തുന്നു. സമസ്ത മേഖലയിലുമുള്ള സമഗ്രസംഭാവനകൾ, സഭാ-സാമൂഹിക രംഗങ്ങളിൽ സമാനതകളില്ലാത്ത വ്യക്തിപ്രഭാവം, സനാതനമൂല്യങ്ങളിൽ അധിഷ്ഠിതമായ ആശയാവിഷ്കാരം, സഹജീവികളോടുള്ള സ്നേഹോഷ്മളമായ സമീപനരീതി വലിയ തിരുമേനിയുടെ ചില പ്രത്യേകതകൾ മാത്രം. നൈർമല്യസ്നേഹത്തിന്റെ സൗന്ദര്യം ജീവിതത്തിൽ ചാലിച്ച ധർമ്മിഷ്ഠന്റെ നർമ്മത്തിന്റെ മഞ്ഞുതുള്ളികൾ ധർമ്മത്തിന്റെ നീർച്ചാലുകളായി നമ്മിലൂടെയും ഒഴുകട്ടെയെന്നുള്ള പ്രാർത്ഥനാശംസകളോടെ ഈ ലക്കം ഹെർമ്മോൻ ദൂതൻ "മാർ ക്രിസോസ്റ്റം സ്പെഷ്യൽ പതിപ്പായി" സമർപ്പിക്കുന്നു.

"Our old history ends with the cross'
Our new history begins with the resurrection"

നമ്മുടെ പഴയചരിത്രം കുരിശ്ശിന്റെ ചുവട്ടിൽ അവസാനിക്കുമ്പോൾ, പുത്തൻ മാനവചരിത്രം ഉയർപ്പിലൂടെ ആരംഭിക്കുന്നു. ഉത്ഥാനത്തിന്റെ ഉൾക്കാഴ്ചയും ഉണർവ്വും ഉൾക്കൊണ്ട് ക്രിസ്തുവിനോടുകൂടെ നാം യാത്രചെയ്യുമ്പോൾ ജീവിതത്തിന്റെ എല്ലാ തലങ്ങളിലും അനശ്വരമായ ദൈവകൃപയുടെ മണിമുത്തുകൾ വിതറുവാൻ കഴിയും. ഉയിർപ്പിന്റെ സന്ദേശം ലോകത്തിനു പുത്തൻ അദ്ധ്യായമായി പരിണമിക്കും.

ജീവിതത്തിന്റെ എല്ലാ ഇടങ്ങളെയും സന്തോഷമാക്കുന്ന
ക്രിസ്തുസാന്നിദ്ധ്യത്തിന്റെ പ്രഭ
Christ's presence in the events of Life)

ജീവിതത്തിന്റെ എല്ലാ ഇടങ്ങളെയും സായൂജ്യമാക്കുന്ന
ക്രിസ്തുവിന്റെ ഇടപെടൽ
Christ's participation in the events of Life)

ജീവിതത്തിന്റെ എല്ലാ ഇടങ്ങളെയും സമ്പന്നമാക്കുന്ന
ക്രിസ്തുവിന്റെ ഇടപെടൽ
Christ's performance in the events of Life)

ജീവിതത്തിന്റെ എല്ലാ ഇടങ്ങളെയും സമ്പൂർണ്ണമാക്കുന്ന
ക്രിസ്തുവിന്റെ ഇടപെടൽ
(Christ's provisions in the events of Life) ജീവിതത്തെ ധന്യമാക്കട്ടെ

ഉയിർപ്പിന്റെ നവ്യമായ അനുഭവങ്ങൾ നമ്മുടെ പ്രവർത്തനസരണിയെ സജീവമാക്കട്ടെ.

റവ. പി.ജെ. തോമസ്
ചീഫ് എഡിറ്റർ



സ്മിത മെറിൻ തോമസ്
കാപ്പിൽ

# ദിദിമോസ് ഉയിർത്തെഴുന്നേല്പിന്റെ പുനർവായന

## (യോഹ: 20:24-29)



ആദിമസഭയിൽ യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പ് സംബന്ധിച്ച ചില സംശയങ്ങൾ നിലനിന്നിരുന്നു. യേശു കർത്താവിന്റെ ഉയിർപ്പിനു സാക്ഷ്യം വഹിച്ചവർ കാലയവനികയ്ക്കുള്ളിൽ മറയപ്പെടുകയും ഉയർപ്പിന്റെ ശാക്തീകരണത്തിന് അത്യാവശ്യമായ സൂചികകൾ പോരാതെ വന്ന സാഹചര്യത്തിൽ യോഹന്നാന്റെ സമൂഹം വെളിച്ചത്തുകൊണ്ടുവന്ന സത്യത്തിന്റെ വെളിപ്പാടുകൾ ആണ് തോമസ് അപ്പോസ്തലനിലൂടെ യോഹ. 20:24-29 വരെയുള്ള വേദഭാഗത്ത് കാണുന്നത്. ഉത്ഥിതനായ യേശുവിന്റെ ഉയിർപ്പ് ഒരു കള്ളക്കഥയാണ് എന്ന് വരുത്തിത്തീർക്കാൻ യഹൂദ മതനേതൃത്വം കഠിനമായി പരിശ്രമിക്കുന്നു (മത്തായി 28:11-15). നസ്രായന്റെ പുതിയ പ്രസ്ഥാനം തങ്ങളുടെ സാമ്രാജ്യതാല്പര്യങ്ങൾക്ക് ഭീഷണിയാകും എന്ന് ആശങ്കപ്പെടുന്ന റോമൻ നേതൃത്വം ഉയിർത്തെഴുന്നേറ്റ കർത്താവിന്റെ പ്രത്യക്ഷതയുടെ ശക്തിയിലൂടെ ശക്തി പ്രാപിച്ച ആദിമസഭയെ പലവിധത്തിലും തകർക്കാൻ ശ്രമിച്ചിരുന്നു. ഈ സാഹചര്യത്തിൽ വി. യോഹന്നാൻ തോമാസിലൂടെ യേശുവിന്റെ ഉയിർത്തെഴുന്നേൽപ്പിനു കാഴ്ചയുടെയും വിശ്വാസത്തിന്റെയും പുതിയ തുറവി നൽകി.

യേശുവിന്റെ മുറിവുകൾ തൊട്ടനുഭവിക്കണമെന്ന് ശഠിക്കുന്നവൻ കാഴ്ചയുടെ വിശ്വാസശ്വാസത്തിൽ സമ്മതിക്കുന്നു യേശു ഉയിർത്തു എന്ന് തോമസിന്റെ ജീവിതാനുഭവം മുന്നോട്ട് വയ്ക്കുന്ന രണ്ട് ധ്യാനങ്ങൾ.

**1. Demand of Thomas revels a new lesson of resurrection**

തോമസിന്റെ ആവശ്യപ്പെടൽ ഉത്ഥാനത്തിന്റെ പുതിയ പാഠം രചിച്ചു. ഉയർത്തെഴുന്നേറ്റ കർത്താവ് ശിഷ്യന്മാർക്ക് പല സമയങ്ങളിലും പല സ്ഥലത്തും പ്രത്യക്ഷനായി (തോട്ടത്തിൽ, കടൽക്കരയിൽ, വഴിയാത്രയിൽ) അവരുടെ അദ്ധ്വാനങ്ങളുടെയും ആകുലതകളുടെയും സംശയങ്ങളുടെയും ഇടവഴികളിലാണ് അവൻ പ്രത്യക്ഷനായത്. ഇവിടെയെല്ലാം ഉത്ഥി

തനായ ക്രിസ്തു അവരുടെ കൂട്ടായ്മാനുഭവങ്ങളിലാണ് പ്രത്യക്ഷനായത്. എന്നാൽ യോഹ. 20:26–29 വരെ രേഖപ്പെടുത്തിയിരിക്കുന്ന തോമസിനുണ്ടായ ഉത്ഥാന അനുഭവം വ്യക്തിപരമായ അനുഭവമായിരുന്നു. യോഹ. 20:25–ൽ രേഖപ്പെടുത്തിയിരിക്കുന്ന തോമസിന്റെ personal demand യേശുക്രിസ്തുവിന്റെ ഉയർപ്പിനെ സംബന്ധിച്ച ആദിമസഭയുടെ സംശയങ്ങൾക്ക് ഉത്തരം നൽകാനുള്ള യോഹന്നാന്റെ ശ്രമമാണ്. തോമസ് ആവശ്യപ്പെടുന്നത് യേശുകർത്താവിന്റെ കൈകളിലെ ആണിപ്പഴുതും വിലാപ്പുറത്തെ മുറിവും ഇവയുടെ പരിശോധനയും ആയിരുന്നു. ഇത് സൂചിപ്പിക്കുന്നത് ഉത്ഥിതനായ ക്രിസ്തു ക്രൂശിക്കപ്പെട്ട യേശുവിന്റെ Extension ആണ്. ക്രൂശീകരണം മഹത്വീകരണത്തിലേക്ക് നയിക്കുന്നു. (crucification leads to glorification and crucification itself is glorification. Luke 24 : 26, John 21: 24-29). യേശുവിനേറ്റ മുറിവുകളാണ് തോമസിലൂടെ യോഹന്നാൻ പറയാൻ ശ്രമിക്കുന്നത്. യേശുക്രിസ്തുവിന്റെ ക്ഷതങ്ങളും മുറിവുകളുമാണ്ആദിമസഭയുടെ ഹൃദയങ്ങളിൽ ഉയിർപ്പിന്റെ പ്രതലങ്ങൾ സൃഷ്ടിച്ചത്. ആയതിനാൽ തോമസിന്റെ demand ലൂടെ ആദിമസഭ മുന്നോട്ടുവെയ്ക്കുന്ന ധ്യാനം യേശുകർത്താവിന്റെ മുറിവുകളും ക്ഷതങ്ങളും മനസ്സിലാക്കുന്നവർക്കും അത് അനുഭവിക്കുന്നവർക്കും ഉത്ഥിതനായ കർത്താവിനെ മനസ്സിലാക്കുവാനും അനുഭവിക്കുവാനും സാധ്യമാകുകയുള്ളൂ എന്നാണ്. നാസി പട്ടാളക്യാമ്പിൽ പീഡിപ്പിക്കപ്പെട്ട വൈദികനെപ്പറ്റി വായിച്ചിട്ടുണ്ട്. നായെപ്പോലെ നാല് കാലിൽ നിൽക്കാനായിരുന്നു ശിക്ഷ. കിടക്കാനോ, ഇരിക്കാനോ, നിൽക്കാനോ പാടില്ല. എന്ത് ക്രൂരമായ ശിക്ഷാവിധി. ആദ്യമൊക്കെ ഈ വൈദികൻ തന്റെ ശിക്ഷയിൽ മനംനൊന്ത് ജീവിതത്തെ പഴിച്ചു. ഒരു രാത്രിയിൽ തന്റെ ഉറക്കത്തിൽ മുറിവേറ്റ കർത്താവിനെ ദർശിച്ചു. അതിൽ പിന്നീട് ഒരിക്കലും ഈ വൈദികൻ തന്റെ ശിക്ഷാവിധിയെ ഓർത്ത് ദുഃഖിച്ചിട്ടില്ല. മുറിവേറ്റ ഉത്ഥിതനായ യേശുകർത്താവിന്റെ ദർശനം തോമസിനും ആദിമസഭയ്ക്കും ഉയർപ്പിന്റെ പുതിയ പാഠത്തെ തുറന്നുകൊടുത്തു.

**2. Proclamation of Thomas reveals a new dimension of faith.**

തോമസിന്റെ പ്രഖ്യാപനം വിശ്വാസത്തിന്റെ പുതിയ തലങ്ങളെ തുറന്നു. യോഹ. 20:26–29 വരെ യേശു തോമസിന് പ്രത്യക്ഷനാകുന്നതാണ് വിവരിച്ചിരിക്കുന്നത്. ശിഷ്യഗണങ്ങൾക്ക് യേശു നേരത്തെ പ്രത്യക്ഷനായപ്പോൾ തോമസ് അവരുടെ കൂട്ടത്തിൽ ഉണ്ടായിരുന്നില്ല. (യോഹ. 10:19–23) ഉയർപ്പ് സംഗതമാകുന്നത് സമൂഹത്തിലാണ് (Community) വിശ്വാസസമൂഹത്തിന്റെ ഉയർത്തെഴുന്നേൽപ്പിലൂടെയാണ് തലമുറകളിലേക്ക് ഉത്ഥിതനായ ക്രിസ്തുവിന്റെ സഞ്ചാരം സാധ്യമാകുന്നത്. ഒറ്റയാൾ വഴികളിലൂടെ നടക്കുന്ന തോമസിൽ സംശയത്തിന്റെ ചിന്തകൾ സാധാരണമാണ്. അവന്റെ വ്യക്തതപരമായ സംശയങ്ങൾക്ക് യേശു ശിഷ്യസമൂഹത്തിന്റെ മദ്ധ്യത്തിൽവെച്ച് മുറിവുകളും ക്ഷതങ്ങളും കാട്ടി മറുപടി നൽകുന്നു. (യോഹ. 20:26). യേശുവിന്റെ ക്ഷതങ്ങൾ (identity Card) കണ്ടപ്പോൾ തോമസിന്റെ പ്രഖ്യാപനം: എന്റെ കർത്താവും എന്റെ ദൈവവുമേ എന്നായിരുന്നു (യോഹ.20:28). ഇത് വിശ്വാസത്തിന്റെ പുതിയ തലമാണ്. കർത്താവും ദൈവവും എന്നത് റോമൻ ചക്രവർത്തിമാരെ അഭിസംബോധന ചെയ്യുവാൻ ഉപയോഗിക്കുന്ന പദമാണ്. ഇത് തോമസ് പറയുമ്പോൾ റോമൻ ചക്രവർത്തിമാരെ ദൈവമായി ആരാധിക്കുവാനും അംഗീകരിക്കുവാനും നിർബന്ധിക്കുന്ന റോമൻ ഭരണത്തിനെതിരെയുള്ള ആദിമസഭയുടെ വിശ്വാസപ്രഖ്യാപനമായാണ് നമ്മൾ മനസ്സിലാക്കേണ്ടത്. യേശു മാത്രമാണ് കർത്താവും ദൈവവും എന്ന വിശ്വാസപ്രഖ്യാപനം ആദിമസഭയുടെ ഏറ്റവും ശക്തമായ പ്രഖ്യാപനം ആയിരുന്നു. യേശു തോമസിനെ ക്ഷണിക്കുന്നത് തന്റെ ക്ഷതങ്ങളുടെ പരിശോധനയ്ക്കാണ്. ഒരിക്കലും സൗഖ്യമാകാത്ത മുറിവുകളുമായി എല്ലാവരെയും സൗഖ്യമാക്കിയവൻ ഉയർത്തെഴുന്നേറ്റു എന്ന് തോമസിന് മനസ്സിലായി. തോമസിന്റെ വിശ്വാസയാത്രയിൽ യേശുവിനെ അടുത്തറിഞ്ഞു മനസ്സിലാക്കുവാൻ മുറിവേറ്റ കർത്താവിന്റെ പ്രത്യക്ഷത സഹായിച്ചു. മുൻപ് താൻ മനസ്സിലാക്കിയ യേശുവിൽനിന്നും ഉയർത്തെഴുന്നേറ്റ ക്രിസ്തുവിലേക്കുള്ള അവന്റെ മനസ്സിലാക്കൽ (re-posisition) വർദ്ധിച്ചു. മുറിവേറ്റ ഉത്ഥിതനായ കർത്താവിനെ തന്റെ ജീവിതാനുഭവങ്ങളിലൂടെ തിരിച്ചറിഞ്ഞു. എന്റെ കർത്താവും ദൈവവുമേ എന്ന വിശ്വാസപ്രഖ്യാപനം തോമസിന്റെ ജീവിതത്തിന്റെ ഉടനീളമുള്ള പ്രഖ്യാപനമാണ്. ഭാരത്തിന്റെ അപ്പോസ്തോലനായി വന്ന് മൈലാപ്പൂരിൽ രക്തസാക്ഷിയായി മരിക്കുമ്പോൾ കർത്താവിന്റെ മുറിവിന്റെ വേദനയും ആഴവും അവൻ സ്വന്തം ജീവിതത്തിലൂടെ ഗ്രഹിച്ചു. ആ മുറിവനുഭവത്തിന്റെ ആകെ പ്രഖ്യാപനമാണ് എന്റെ കർത്താവും ദൈവവുമേ. എഡ്വേർഡ് ഷില്ലിറ്റോയുടെ തിരുമുറികളുടെ യേശു എന്ന കവിതയിലെ ചില വരികൾ ഇങ്ങനെ:

.... ഞങ്ങളുടെ മുറിവുകളിലേക്ക്
ദൈവത്തിന്റെ മുറിവുകൾക്കേ സംസാരിക്കാനാകൂ.
ഒരു ദൈവത്തിനും മുറിവുകൾ ഇല്ല
അങ്ങേയ്ക്ക് മാത്രമേ അവയുള്ളൂ.

ക്ഷതങ്ങളേറ്റ ഉത്ഥിതനായ കർത്താവിനെ നമ്മുടെ ജീവിതാനുഭവങ്ങളുമായി ഒട്ടിച്ചുവെയ്ക്കാം.



റവ. ജിനു ജേക്കബ്

# പാർശ്വവത്കരിക്കപ്പെട്ടവരുടെ ശബ്ദം



“ഇങ്ങനെ ആത്മാവില്ലാത്ത ശരീരം നിർജ്ജീവമായിരിക്കുന്നതുപോലെ പ്രവർത്തിയില്ലാത്ത വിശ്വാസവും നിർജ്ജീവമാകുന്നു.” (യാക്കോ. 2:26). “ദൈവത്തിന്റെ ദാനമായി നിങ്ങളിൽ ഇരിക്കുന്നപരിശുദ്ധാത്മാവിന്റെ മന്ദിരമാകുന്നു നിങ്ങളുടെ ശരീരം എന്നും നിങ്ങളെ വിലക്കു വാങ്ങിയിരിക്കുകയാൽ നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല എന്നും അറിയുന്നില്ലയോ? ആകയാൽ നിങ്ങളുടെ ശരീരം കൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുവിൻ.” (1കൊരി. 6:19,20).

സമ്പന്നതയുടേയും അധികാരത്തിന്റെയും സ്വരങ്ങൾ മേൽക്കോയ്മ നേടുന്ന ഒരു വ്യവസ്ഥിതിയിലാണ് നാം ഇന്ന് ജീവിക്കുന്നത്. ആഡംബരത്തിന്റെ ഉത്തരശൃംഗങ്ങളിൽ രമിച്ച് വാഴുന്ന അധികാര വർഗ്ഗം സാധാരണക്കാരായ മനുഷ്യരെ കണ്ടിട്ടും കാണാതെ പോകുന്ന മരപ്പാവകൾക്ക് തുല്യമായി മാറുന്നു. നീതിക്കും നന്മയ്ക്കും വേണ്ടി ആരെ സമീപിക്കണം എന്ന ആശങ്കയോടെ ജീവിക്കുന്നവർക്ക് ആശയും പ്രത്യാശയും പകരുന്ന ചാലകങ്ങളായി മാറുവാൻ നമുക്ക് കഴിയുമോ? വാക്കുകൾ കൊണ്ട് അമ്മാനമാടുവാൻ എത്ര എളുപ്പം. ഈ വാക്കും വാഗ്ദത്തവും പ്രവർത്തിപഥങ്ങളിലേക്ക് വ്യാപിപ്പിക്കുവാനുള്ള മനോബലം നാം നേടിയെടുക്കണം.

യേശു കർത്താവിന്റെ പരസ്യശുശ്രൂഷയിൽ പാർശ്വവത്ക്കരിക്കപ്പെട്ട വിഭാഗങ്ങളുടെ ശബ്ദത്തിന് അർഹമായ പ്രാധാന്യം നൽകിയിരുന്നു. കുരുടനായ ബർത്തിമായിയും, പക്ഷവാതക്കാരനും, കനാന്യ സ്ത്രീയും, രക്തസ്രവം ബാധിച്ച സ്ത്രീയുമൊക്കെ രക്ഷയുടെ അനുഭവം നേടിയത് ഇതിനുദാഹരണമാണ്. എന്നാൽ ക്രിസ്തുവിന്റെ അനുയായികളെന്ന് അഭിമാനത്തോടെ പറയുന്ന നമുക്ക് ആരെയെല്ലാം രക്ഷയിലേക്ക് നയിക്കാൻ സാധിക്കുന്നു. അല്ലലില്ലാതെ ജീവിക്കുവാനുള്ള സാഹചര്യം ദൈവം നമുക്ക് നൽകിയിട്ടുള്ളപ്പോൾ ആവശ്യത്തിലിരിക്കുന്നവന്റെ ശബ്ദമായി മാറുവാൻ സഭയായും, സമൂഹമായും വ്യക്തികളായും നമുക്ക് കഴിയുന്നുണ്ടോ? ഈ ചോദ്യങ്ങൾ ഒരർത്ഥത്തിൽ ആത്മവിമർശനമാണ്. മറ്റുള്ളവരെ കുറ്റപ്പെടുത്തി രക്ഷപ്പെടാൻ ശ്രമിക്കുന്ന ‘ഞാൻ’ എന്ന വ്യക്തിയ്ക്ക് മാറ്റത്തിന്റെ ഒരു ചെറുവിരലെങ്കിലും അനക്കുവാൻ കഴിയുന്നുണ്ടോ?

**1. ഹനിക്കപ്പെടുന്ന സ്വാതന്ത്ര്യവും ഉപേക്ഷിക്കപ്പെടുന്ന ജീവിതങ്ങളും**

മാർത്തോമ്മാ സഭ ഇന്നാളുകളിൽ ഒരു പുതിയ കാൽവെയ്പ്പ് നടത്തിയിരിക്കുകയാണ്. ഭിന്നലിംഗക്കാരുടെ ഇടയിലുള്ള പ്രവർത്തനങ്ങളിൽ സജ്ജീവമായിരിക്കുന്ന വിശാലമായ ഒരു ദൗത്യ മേഖല. തങ്ങളുടേതല്ലാത്ത കുറ്റം കൊണ്ട് സമൂഹത്തിന്റെ പുറംപോക്കിലേക്ക് തള്ളപ്പെട്ട ഒരു വിഭാഗമാണ് ഭിന്നലിംഗക്കാർ. ജനിതകപരമായ വ്യത്യാസങ്ങൾ എങ്ങനെയാണ് സ്വാതന്ത്ര്യ

നിഷേധത്തിന് കാരണമായി തീരുന്നത്. നമ്മുടെ മനോഭാവത്തിന് മാറ്റമുണ്ടാകണം. പിറവിയിലെ കുരുടനായ മനുഷ്യനെ സൗഖ്യമാക്കുന്ന യേശുവിനെക്കുറിച്ച് യോഹന്നാന്റെ സുവിശേഷം 9–ാം അദ്ധ്യായത്തിൽ വിവരിക്കുന്നുണ്ട്. ''അവൻ എങ്കിലും അന്റെ അമ്മയപ്പന്മാർ എങ്കിലും പാപം ചെയ്തിട്ടില്ല, ദൈവപ്രവർത്തി അവങ്കൽ വെളിവാകേണ്ടതിനത്രേ" (യോഹ. 9:3). സ്വാതന്ത്ര്യം ഹനിക്കപ്പെടുന്ന ജനസമൂഹത്തിന് പുത്തൻ പ്രതീക്ഷ നൽകുന്ന പ്രവർത്തന സരണികൾ കാണിച്ചു കൊടുക്കാൻ ഇടയാകണം. ദൈവത്തിന്റെ പ്രവർത്തി നമ്മിലൂടെ ലോകം മുഴുവൻ വ്യാപരിക്കുവാൻ സാധിക്കുമ്പോഴാണ് ദൈവരാജ്യത്തിന്റെ സ്ഥാപനം പൂർണ്ണമാകുന്നത്. തുറന്ന മനസ്സിന്റെ ഉടമകളായി നമുക്ക് മാറാം. എല്ലാവരെയും സ്വീകരിക്കുന്ന ജീവിതക്രമം സ്വായത്തമാക്കണം. പ്രാധാന്യം ലഭിക്കാതെ ഓരങ്ങളിൽ ഉപേക്ഷിക്കപ്പെടുന്ന എത്രയെത്ര ജീവിതങ്ങളാണ് നമ്മുടെ കൺമുമ്പിൽ ഉള്ളത്. ആരേയും തള്ളിക്കളയുവാനല്ല, ചേർത്ത് നിർത്തുവാനാണ് നാം പഠിക്കേണ്ടത്.

**2. കണ്ണീരൊപ്പുന്ന കരതലങ്ങളും പ്രതീക്ഷയുടെ പുഞ്ചിരി വിടർത്തുന്ന പ്രവർത്തികളും**

പൊയ്മുഖങ്ങൾ ഇന്നിന്റെ ഒരു പ്രത്യേകതയാണ്. നമ്മുടെ വ്യക്തിത്വത്തിന്റെ നേർരൂപങ്ങൾ മറ്റുള്ളവരുടെ മുന്നിൽ അവതരിപ്പിക്കുവാൻ നമുക്ക് കഴിയാതെ പോകുന്നു. ആരെയൊക്കെയോ ബോധിപ്പിക്കുവാൻ വേണ്ടി അസ്വാഭാവികമായ പുഞ്ചിരി മുഖത്ത് വരുത്തുവാൻ ശ്രമിക്കുന്നവരല്ലേ നാം. ഹൃദയത്തിന്റെ ഉള്ളിൽ നിന്നുമുയരുന്ന പുഞ്ചിരി മറ്റുള്ളവർക്ക് സമ്മാനിക്കുവാൻ നാം ഇനിയും ശീലിക്കേണ്ടിയിരിക്കുന്നു. കപട മുഖംമൂടികളല്ല, അപരന്റെ കണ്ണുനീരിനെ തുടയ്ക്കുവാനുള്ള മനസ്സാണ് നമുക്ക് വേണ്ടത്.

പ്രസിദ്ധിക്ക് വേണ്ടിയുള്ള പ്രചാരണത്തിനാണ് നമുക്കിന്ന് താല്പര്യം. "വലങ്കൈ ചെയ്യുന്നത് എന്ത് എന്ന് ഇടങ്കൈ അറിയരുത്" (മത്താ. 6:3) എന്ന് ഉദ്ഘോഷിച്ച കർത്താവിന്റെ ദാസീദാസന്മാരായ നാം കീർത്തി ലഭിക്കുന്ന നവമാധ്യമ സംസ്ക്കാരത്തിന് അടിമപ്പെടുന്നില്ലേ എന്ന സന്ദേഹം ബാക്കിയാകുന്നു. ക്രൈസ്തവ സഭയിൽ നിന്നും വലിയകാര്യങ്ങളാണ് സമൂഹം പ്രതീക്ഷിക്കുന്നത്. ആ പ്രതീക്ഷകൾക്ക് വിരുദ്ധമായി നാം പ്രവർത്തിച്ചു പോകുന്നില്ലേ എന്ന കുറ്റബോധം നമുക്കുണ്ടോ?

**3. ജീവന്റെ തുടിപ്പുകൾ നൽകുന്ന തുല്യനീതിയുടെ വക്താക്കൾ**

2018 ഫെബ്രുവരി മാസം 24–ാം തീയതിയിലെ മലയാളമനോരമ ദിനപ്പത്രത്തിലെ തലക്കെട്ട് ഇങ്ങനെയായിരുന്നു "മധുവിന്റെ മരണമൊഴി : എന്നെ അവർ ....." അരി മോഷ്ടിച്ചെന്ന ആരോപണമുന്നയിച്ച് തല്ലിച്ചതച്ച് മരണത്തിലേക്ക് തള്ളി വിട്ട മധു എന്ന ആദിവാസി യുവാവിന്റെ ജീവിതം ഒരു ചോദ്യചിഹ്നമായി അവശേഷിക്കുന്നു. മനുഷ്യത്വം മരവിച്ചു പോയ ഒരു മനുഷ്യസമൂഹമായി നാം മാറിക്കൊണ്ടിരിക്കുന്നത് എത്ര പെട്ടെന്നാണ്. സമൃദ്ധിയുടെ നിറവിൽ വിശക്കുന്നവന്റെ സ്വരം കേൾക്കുവാനുള്ള കാതുകൾ നമുക്ക് നഷ്ടമാകുന്നു. "എനിക്ക് വിശന്നു നിങ്ങൾ ഭക്ഷിപ്പാൻ തന്നില്ല; ദാഹിച്ചു നിങ്ങൾ കുടിപ്പാൻ തന്നില്ല. അതിഥിയായിരുന്നു, നിങ്ങൾ എന്നെ ചേർത്തു കൊണ്ടില്ല. നഗ്നനായിരുന്നു. നിങ്ങൾ എന്നെ ഉടുപ്പിച്ചില്ല. രോഗിയും തടവിലും ആയിരുന്നു. നിങ്ങൾ എന്നെ കാൺമാൻ വന്നില്ല" (മത്താ. 25:42,43).

കർത്താവേ ഞങ്ങൾ ചെയ്യുന്നതെന്തെന്ന് അറിയായ്കകൊണ്ട് ഞങ്ങളോട് ക്ഷമിക്കേണമേ. സമൃദ്ധിയായ ജീവൻ നൽകുവാൻ വന്ന ക്രിസ്തു നമ്മുടെ പ്രവർത്തികൾ കണ്ട് നാണിക്കുന്നു. എല്ലാവരും തുല്യരാണെന്ന് പ്രസംഗിക്കുമ്പോഴും അതെല്ലാം വെറും വാക്കുകളായി മാറുന്നു. ജീവന്റെ തുടുപ്പുകളെ നുള്ളിക്കളയുവാനല്ല പരിപോക്ഷിപ്പിക്കുവാനാണ് നാം നിയോഗിതരായിരിക്കുന്നത്. ന്യായാധിപനായ കർത്താവിന്റെ രണ്ടാം വരവിൽ പ്രത്യക്ഷത വച്ചിരിക്കുന്നവരായ നാം ഈ ഭൂമിയെ ദൈവരാജ്യമാക്കി തീർക്കുവാൻ ഇനിയും ഏറെ പരിശ്രമിക്കേണ്ടിയിരിക്കുന്നു.

**4. സമർപ്പിത വഴിയിലൂടെ ജീവിത വിശുദ്ധി**

ഒരു ലക്ഷ്യം മനസ്സിൽ കുറിച്ചീടുവാൻ കഴിയണം. ലക്ഷ്യങ്ങളില്ലാത്ത യാത്ര ആടിയുലയുന്ന കപ്പലിന് സമം. ആരോടാണ് നമുക്ക് വിധേയത്വമുള്ളത്? കാൽവറി ക്രൂശിലേക്ക് യാത്ര ചെയ്ത ക്രിസ്തുവിന് മുന്നിൽ ഒരേയൊരു ലക്ഷ്യം മാത്രമേ ഉണ്ടായിരുന്നുള്ളൂ. കർത്താവേ, നിന്നെ ഞാൻ വേദനിപ്പിച്ചു, നേരിന്റെ വഴിയിൽ നടപ്പാനുള്ള കൃപയരുളേണമേ എന്ന പ്രാർത്ഥന നാം ഉരുവിടണം.

സവിശേഷമായത് ക്രിസ്തുവിന് നൽകണം. വിശേഷതയേറിയ നമ്മുടെ ജീവിതങ്ങളെ ക്രിസ്തുവിനായി അർപ്പിക്കുവാൻ നമുക്ക് കഴിയുമോ? "മുമ്പേ അവന്റെ രാജ്യവും നീതിയും അന്വേഷിപ്പിൻ. അതോടുകൂടെ ഇതൊക്കെയും നിങ്ങൾക്കു കിട്ടും" (മത്താ. 6:33). ആശങ്കകളുടേയും അനിശ്ചിതത്വത്തിന്റെയും, നോവിന്റെയും നൊമ്പരങ്ങളുടേയും സ്നേഹമില്ലായ്മയുടേയും ഹൃദയകാഠിന്യത്തിന്റെയും വീഥിയിൽ നിന്നും ഒരു മാറ്റം അനിവാര്യമാണ്. ആ രൂപാന്തരത്തിന്റെ വിളക്കുകളായി മാറുവാൻ സർവ്വശക്തനായ ദൈവം നമ്മെ പ്രാപ്തരാക്കട്ടെ.



റവ. സാം ലൂക്കോസ്
കൗൺസിലർ & സൈക്കോതെറാപ്പിസ്റ്റ്

**സോ**ഷ്യൽ മീഡിയ/മൊബൈൽ ഫോൺ വളരെ ഗുണകരമാണ്. എന്നാൽ അതിന് അഡിക്ട് ആകുന്നത് ജീവിതം തകർക്കും. എന്തൊക്കെയാണ് ഗുണങ്ങൾ? പരസ്പരം നല്ല ബന്ധങ്ങൾ പുലർത്തുന്നതിന് സഹായിക്കും. ഉദാഹരണമായി ബാല്യകാലങ്ങളിൽ സ്കൂൾ ക്ലാസ്സുകളിൽ കൂടെ പഠിച്ചവരെയും പഠിപ്പിച്ചവരെയും ഒക്കെ കണ്ടെത്താനും കണക്ട് ചെയ്യുവാനും സാധിക്കും. എന്നാൽ കൂടുതൽ ഉപയോഗം, തെറ്റായ ഉപയോഗം ഒക്കെ സ്വഭാവവൈകല്യങ്ങളിലേക്കും കുടുംബസാമൂഹിക ബന്ധങ്ങൾ തന്നെ നഷ്ടപ്പെടുന്നതിന് കാരണമാകാം.

ആദ്യമായി അഡിക്ഷൻ ഉണ്ടോ എന്ന് എങ്ങനെ പരിശോധിക്കാം? മൊബൈൽ ഫോൺ അല്ലെങ്കിൽ ഡേറ്റാ കണക്ഷൻ കുറെ സമയത്തേക്ക് ലഭ്യമല്ലാതെ വരുമ്പോൾ മാനസികമായോ ശാരീരികമായോ എന്തെങ്കിലും അസ്വസ്ഥത ഉണ്ടോ എന്ന് വിലയിരുത്തുക. അസ്വസ്ഥത ഉണ്ടാകുന്നുവെങ്കിൽ നാമറിയാതെ തന്നെ ഒരു (Dependency) ആശ്രയത്വം, അഡിക്ഷനിലേക്ക് എത്തി എന്ന് മനസ്സിലാക്കാം.

**എങ്ങനെ അഡിക്ഷനിൽനിന്നും രക്ഷപെടാം?**

**1. TRACK YOUR TIME**

നിങ്ങളുടെ സോഷ്യൽ മീഡിയ/മൊബൈൽ ഉപയോഗത്തിന്റെ സമയം മനസ്സിലാക്കുക. ഓരോ ആപ്ലിക്കേഷനും കാൾ ചെയ്യുവാനും എത്ര സമയം ഉപയോഗിക്കുന്നുവെന്ന് തിരിച്ചറിയുക. അതിനുവേണ്ടി Quality Time എന്ന പേരിൽ ഒരു Mobile Application തന്നെ google playstore-ൽ ലഭ്യമാണ്.

**2. ഉപയോഗിക്കുന്നതിന്റെ ആവശ്യകത എന്തെന്ന് മനസ്സിലാക്കുക**

വെറുതെ ഇരിക്കുമ്പോൾ നേരമ്പോക്കിനായി ഉപയോഗിക്കുന്നു എന്നാണെങ്കിൽ എന്തുകൊണ്ട് അങ്ങനെ സംഭവിക്കുന്നു.? ജീവിതത്തിന് ഒരു ലക്ഷ്യം ഉണ്ടാകുക/ഒരു ഗോൾ സെറ്റ് ചെയ്യുക, അതിനായി കഠിനാദ്ധ്വാനം ചെയ്യുക.

3. ടൈം ഷെഡ്യൂൾ ഉണ്ടാക്കുക, സമയപരിധി തീരുമാനിച്ച് സമയദൈർഘ്യം കുറയ്ക്കുക.
4. നോട്ടിഫിക്കേഷൻ Turn off ചെയ്യുക.
5. പ്രിയപ്പെട്ടവരോടൊപ്പം സമയം ചിലവഴിക്കുക. മറ്റ് മനുഷ്യരുമായും പ്രകൃതിയുമായും ഇടപെടുക.
6. Limit Social media sites
7. Limit friends and follows
8. Limitted divices
9. Limitted time for social media
10. കൈവിട്ടുപോയി എന്ന് തോന്നുന്നുവെങ്കിൽ കൗൺസിലറുടെ സഹായം തേടാം. സൈക്കോതെറാപ്പിയിലൂടെ അഡിക്ഷൻ പൂർണ്ണമായും പരിഹരിക്കാം.




# എങ്ങനെ നിയന്ത്രിക്കാം... എങ്ങനെ രക്ഷപെടാം?

# ട്രാൻസ്ജെൻഡേഴ്സ് മനുഷ്യരോ?

# കൂട് തോടുന്നവർ



റവ. ഫിലിപ്പ് ജോർജ്ജ്
തോട്ടയ്ക്കാട്

സമകാലീന സാമൂഹ്യ-രാഷ്ട്രീയ-മത മണ്ഡലങ്ങളിൽ ഏറ്റവും സജീവമായ ചർച്ചകളാണ് ട്രാൻസ്ജെൻഡേഴ്സ് സമൂഹത്തെപ്പറ്റിയുള്ളത്. ഒരുകാലത്ത് എല്ലാ മനുഷ്യരെയും പോലെതന്നെ തങ്ങളുടെ സാംസ്കാരിക ഇടങ്ങളിൽ ആടിയും പാടിയും നൃത്തം ചെയ്തും സാമൂഹിക-രാഷ്ട്രീയ മേഖലകളിൽ വിവിധങ്ങളായ ചുമതലകൾ നിർവ്വഹിച്ചവരും, മതപരമായ ഇടങ്ങളിൽ ദൈവീകസാന്നിദ്ധ്യം പ്രതീകങ്ങളായി കണക്കാക്കപ്പെട്ടവരും ആയിരുന്നു ട്രാൻസ്ജെൻഡേഴ്സ്. മനുഷ്യോത്പത്തിയോളം പോന്ന ചരിത്രം പേറുന്നവർ, ആധുനികതയുടെ സാംസ്കാരികശ്രേണിയിൽ കാലിടറപ്പെട്ടവരും തലകീഴായി മറിച്ചിടപ്പെട്ടവരുമായി മാറി എന്ന് മാത്രമല്ല, അധിനിവേശ കാലഘട്ടങ്ങളിൽ നിയമലംഘകരും, ക്രിമിനലുകളുമായി മുദ്രയിടപ്പെട്ട് അപരിഷ്കൃതരുടെ വേഷം അണിയേണ്ടിവരുന്ന സാഹചര്യമാണുള്ളത്. ഇവർ ആരാണ്? ഏത് തരത്തിലുള്ള സാമൂഹിക പരിസരത്തിലൂടെയാണ് ഇവർ കടന്നുപോകുന്നത്? മറ്റ് മനുഷ്യരെപ്പോലെ 'മനുഷ്യൻ' എന്ന പരിഗണനകൾക്കും അവകാശങ്ങൾക്കും ഇവർക്ക് തടസ്സമായി നിൽക്കുന്നതെന്താണ്? ദൈവസാന്നിദ്ധ്യത്തിന്റെ നിർമ്മല ഇടം (Sacred Space) എന്ന് വിശേഷിപ്പിക്കുന്ന സഭയുടെ ധർമ്മമെന്താണ് എന്നിങ്ങനെയുള്ള വിഷയങ്ങൾ കുറിക്കുവാനാണ് ഈ ലേഖനത്തിൽ ശ്രമിക്കുന്നത്.

**ട്രാൻസ്ജെൻഡേഴ്സ്**

എല്ലാ മനുഷ്യരെയുംപോലെ മാതാപിതാക്കളാൽ ജനിക്കപ്പെട്ട് ഒരു കുടുംബത്തിലേക്കും തന്മൂലം ബന്ധങ്ങളിലേക്കും പിറന്ന് വീഴുന്നവരാണ് ഇവരും. എല്ലാ ശരീരാവയവങ്ങളോടും സ്പന്ദിക്കുന്ന ഹൃദയത്തോടും പച്ചയായി സൃഷ്ടിക്കപ്പെട്ടവർ, ചൂട് രക്തം തന്നെയാണ് ഇവരുടെ സിരകളിലും പ്രവഹിക്കുന്നത്. ഏതൊരു വ്യക്തിയേയുംപോലെ വികാരവിചാരങ്ങളും കായികശേഷിയും സ്നേഹിക്കുവാനും സ്നേഹിക്കപ്പെടുവാനും വെമ്പൽ കൊള്ളുന്ന ഹൃദയവും ഉള്ളവർ. ജനനസമയത്ത് ലൈംഗീക അവയവത്തിന്റെ അടിസ്ഥാനത്തിൽ നിജപ്പെടുത്തിയ 'ലിംഗസ്വത്തം" (Gender Identity) നിലനിർത്തുവാൻ കഴിയാത്ത സ്വന്തം മനസ്സ്



നിശ്ചയിച്ച് 'ലിംഗപ്രകടന'ത്തിന് ശരീരത്തെ വിട്ടുകൊടുത്തവർ, ഇവരാണ് ട്രാൻസ്ജെൻഡേഴ്സ്. ആണായി ജനിച്ച് പെണ്ണായി പുലരുന്ന (Male to Female ), പെണ്ണായി ജനിച്ച് ആണായി പുലരുന്ന (Female to Male) ഇന്ന് ധാരാളം ഉണ്ട്. കേരളത്തിൽ 40000–ത്തോളം ട്രാൻസ്ജെൻഡേഴ്സുണ്ട്. ഒരു കുട്ടി ജനിക്കുമ്പോൾ ലിംഗസ്വത്വം നിശ്ചയിക്കുന്നത് ആ കുട്ടിയുടെ മനസ്സ് വായിച്ചിട്ടോ, സ്വഭാവരീതികൾ നിരീക്ഷിച്ചോ അല്ല എന്ന ഒറ്റക്കാരണം കൊണ്ട് തടവറയിൽപ്പെട്ടതുപോലെ കഴിയേണ്ടിവരുന്നവരാണ് ഈ കൂട്ടർ. എന്നാൽ പൊതുവേ സാംസ്കാരിക സമൂഹമെന്നും പരിഷ്കൃതർ എന്നും അവകാശപ്പെടുന്നവർ ഇവരെ ലൈംഗീകാക്രമികർ എന്നും ആണും പെണ്ണും കെട്ടവർ എന്നും ദൈവസൃഷ്ടിയിലെ 'കരട്' എന്നും കാണുവാൻ ശ്രമിക്കുന്നത് പരിതാപകരമാണ്.



**ട്രാൻസ്ജെൻഡേഴ്സ് അഭിമുഖീകരിക്കുന്ന ജീവിതപ്രശ്നങ്ങൾ**

മനസ്സും ശരീരവും തമ്മിൽ നടക്കുന്ന നിരന്തര സംഘട്ടനം തന്നെയാണ് അവർ അഭിമുഖീകരിക്കുന്ന പ്രാഥമിക പ്രശ്നം. നമ്മുടെ ശരീരം പ്രവർത്തനക്ഷമമാകുന്നത് മനസ്സിന്റെ നിയന്ത്രണത്തിലാണ്. ഇവരുടെ മനസ്സ് പൊതുസമൂഹം അടിച്ചേല്പിച്ച ലിംഗസ്വത്വത്തിൽ നിന്ന് പുറത്തുചാടാൻ നിരന്തരം പ്രേരിപ്പിക്കപ്പെടുന്നു. ആണായി കണക്കാക്കിയെങ്കിലും പെണ്ണായി ജീവിക്കുവാൻ മനസ്സ് പ്രേരിപ്പിക്കപ്പെടുന്നവർ. ഒരു പെൺകുട്ടിയെപോലെ സംസാരിക്കുവാനും വസ്ത്രം ധരിക്കുവാനും അണിഞ്ഞൊരുങ്ങുവാനും അവരുടെ സാമൂഹികധർമ്മങ്ങൾ നിർവ്വഹിക്കുവാനും ആഗ്രഹിക്കുന്നു. ഇത് ചെറുപ്പത്തിൽ ആരെങ്കിലും ശീലിപ്പിക്കുന്നതുകൊണ്ടോ സമ്മർദ്ദങ്ങൾ കൊണ്ടോ, സ്വന്തം ശരീരത്തോടുള്ള എതിർപ്പുകൾ കൊണ്ടോ സംഭവിക്കുന്നതല്ല, മറിച്ച് സ്വാഭാവിക പരിണതിയാണവയെന്ന് മനഃശാസ്ത്രജ്ഞർ പറയുന്നു. ഇത് ഭവനത്തിൽ മാതാപിതാക്കളുടെയും സഹോദരങ്ങളുടെയും നിന്ദയ്ക്കും എതിർപ്പിനും കാരണമാകുന്നു. സമൂഹം നിർമ്മിച്ച അതിർവരമ്പിലൂടെ 'ലിംഗസ്വത്വം' പ്രകടിപ്പിക്കുവാൻ മനസ്സു കൊണ്ട് ശരീരത്തെ നിർബന്ധിക്കുന്നത് അനായാസം നടത്താവുന്ന ഒന്നല്ലെന്ന് മാത്രമല്ല ഒരിക്കലും പ്രയോഗത്തിൽ വരുത്തുവാൻ ആവുന്നതുമല്ലെന്ന് ഇവർക്ക് ബോധ്യമാവുന്നു. ഇത് കടുത്ത മാനസിക സംഘർഷമാണ് ഇവരിൽ ഉളവാക്കുന്നത്.

സ്കൂളുകളിലും പൊതുയിടങ്ങളിലും അവർക്കിണങ്ങുന്ന സുഹൃത്തുക്കളെ സമ്പാദിക്കുവാൻ കഴിയുന്നില്ല. അഥവാ ആരെയെങ്കിലും ലഭിച്ചാൽതന്നെ ലൈംഗീകാതിക്രമങ്ങൾക്ക് ഇരയാവേണ്ട ഗതികേടാണ് ഭൂരിപക്ഷത്തിനും. ഇവരുടെ കുട്ടിക്കാലത്തുതന്നെ സഹപാഠികളുടെയോ അദ്ധ്യാപകരുടെയോ സഹപ്രവർത്തകരുടേയോ ലൈംഗീകതൃഷ്ണകൾക്ക് കെട്ടുകാഴ്ചയായി ഇവർ മാറേണ്ടിവരുന്നു. പഠനകാലഘട്ടങ്ങളിൽ അനുഭവിക്കുന്ന വേർതിരിവുകളും, പരിഹാസങ്ങളും, ഒറ്റപ്പെടലുകളും, ഒഴിവാക്കലുകളും ഭവനത്തോടും വിദ്യാലയങ്ങളോടും നിസ്സംഗരാകുവാൻ ഇവരെ പ്രേരിപ്പിക്കുന്നു. പലരും പാലായനങ്ങൾ സ്വീകരിക്കുന്നു. ഒരു ട്രാൻസ്ജെൻഡറിന്റെ പാലായനം ഭൂരിപക്ഷം മാതാപിതാക്കൾക്കും സമൂഹത്തിനും ആശ്വാസമാണ് നേടിക്കൊടുക്കുന്നത്. അവരുടെ ഒളിച്ചോട്ടങ്ങൾ ആരെയും സ്പർശിക്കുന്നില്ല; നൊമ്പരപ്പെടുത്തുന്നുമില്ല. അവരെ നഷ്ടപ്പെട്ടവർക്ക് അവരെ തിരികെ വേണ്ട, അവർക്കുവേണ്ടി അന്വേഷണങ്ങളില്ല. പത്രപ്പരസ്യങ്ങൾ ഇല്ല. കേസ്സുകൾ ഇല്ല. അനാഥത്വത്തിന്റെ വിങ്ങുന്ന ഒരുതരം പരവേശവും ഹൃദയം പൊള്ളുന്ന കനലും നെഞ്ചിൽ കൊണ്ടുനടക്കുന്നവരാണ് ട്രാൻസ്ജെൻഡേഴ്സ്. കോട്ടയത്ത് സംഘടിപ്പിക്കപ്പെട്ട ഒരു ട്രാൻസ്ജെൻഡേഴ്സ് സമ്മേളനത്തിൽ ഹൃദയം തുറന്ന് ഒരുവൾ പറഞ്ഞു: വഴിയോരത്തും കടത്തിണ്ണകളിലും കിടക്കാൻ തുടങ്ങിയിട്ട് വർഷങ്ങളായി. കുടുംബസ്വത്ത് സഹോദരങ്ങൾക്ക് നൽകി. തന്നെ ഒഴിവാക്കി. അമ്മ മരിക്കുന്നതുവരെ രാത്രി സമയത്ത് വീട്ടിൽ ചെല്ലുമായിരുന്നു. എന്നാൽ ഇനി അതും ഒരടഞ്ഞ അദ്ധ്യായം.

*(തുടരും....)*

**വൈദീക കുടുംബസംഗമം**

**2018 ഏപ്രിൽ 18 ബുധൻ 4.30 PM, യൂത്ത് സെന്റർ ചാപ്പൽ**

**ഡി–അഡിക്ഷൻ ക്യാമ്പ്**

**2018 ഏപ്രിൽ 5 മുതൽ 14 വരെ**
**മാർ ക്രിസോസ്റ്റം ജന്മശതാബ്ദി ബ്ലോക്ക്, അടൂർ**




അടൂർ ഭദ്രാസന കൺവൻഷൻ 2018




അടൂർ ഭദ്രാസന
കുടുംബസംഗമം

മാർത്തോമ്മാ സഭ ട്രാൻസ്ജെൻഡേഴ്സ് ബോധവത്കരണ സെമിനാർ ഭദ്രാസനതലത്തിൽ







ഭദ്രാസനതല സൺഡേസ്കൂൾ ലീഡേഴ്സ് ട്രെയിനിംഗ്





തേവലക്കര മാർത്തോമ്മാ വലിയപള്ളി പത്മഭൂഷൻ മാർ ക്രിസോസ്റ്റം തിരുമേനിക്ക് നൽകിയ സ്വീകരണവും
എക്യുമെനിക്കൽ ദിന സംഗമവും

ക്രിസോസ്റ്റം തിരുമേനിക്ക് രാഷ്ട്രം നൽകിയ
ഈ മംഗളോപഹാരം (പത്മഭൂഷൻ പുരസ്കാരം)
അർഹമായ സമയത്ത് അർഹനായ വ്യക്തിക്ക്
ലഭിക്കുന്ന ഏറ്റവും അഭിമാനാർഹമായ ആദരവാണ്
എന്നതിൽ സഭ അഭിമാനം കൊള്ളുന്നു."

മോസ്റ്റ് റവ. ഡോ. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ



## മാർ ക്രിസോസ്റ്റത്തിന്റെ ചിന്തകൾ സമൂഹത്തിനുവേണ്ടി

–എൽ.കെ. അഡ്വാനി–



ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പൊലീത്തയുടെ ചിന്തകൾ സമൂഹത്തിനു മുഴുവൻ വേണ്ടിയുള്ളതാണ്. നർമത്തിലൂടെ ഏതു സങ്കീർണ സാഹചര്യത്തെയും അദ്ദേഹം മറികടക്കുന്നു. അതേസമയം മതത്തോടു തികഞ്ഞ പ്രതിബദ്ധതയുമുണ്ട്. എപ്പോഴും പ്രസന്നതയുള്ള വലിയ മെത്രാപ്പൊലീത്ത ആദർശവാദിയാണ്, കഴിവുള്ള ഭരണാധികാരിയാണ്, യുവജനങ്ങളുമായി പോലും നന്നായി ഇടപഴകുന്നയാളാണ്.

## ഹൃദയത്തിൽ സ്നേഹത്തിന്റെ കയ്യൊപ്പ് ചാർത്തിയ തിരുമേനി

–മമ്മൂട്ടി–



വർഗ്ഗീയതയും മതഭ്രാന്തും പ്രത്യയശാസ്ത്രതിമിരവും അനുദിനം മാലിസമാക്കിക്കൊണ്ടിരിക്കുന്ന ആധുനിക കാലഘട്ടത്തെ പവിത്രീകരിക്കുവാൻ ഈശ്വരൻ അയച്ച മഹാപുരുഷനാണ് അഭി. ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ തിരുമേനി. മലയാളിക്ക് ആമുഖം ആവശ്യമില്ലാത്ത ഭാസുരചൈതന്യമാണ് തിരുമേനി. മലയാളികളായ നമ്മുടെ ഹൃദയത്തിൽ സ്നേഹത്തിന്റെ കൈയ്യൊപ്പ് ചാർത്തിയ നമ്മുടെ തിരുമേനി ഓരോ മലയാളിയുടെയും സ്വകാര്യം അഹങ്കാരമാണ്. കേരളത്തിന്റെ സാമൂഹിക-മതജീവിതത്തെ സമാനതകളില്ലാതെ പ്രകാശിപ്പിച്ചുകൊണ്ടിരിക്കുന്നു.

## ദിവ്യകാരുണ്യത്തിന്റെ ഒരു നൂറ്റാണ്ട്

–റൈറ്റ് റവ. ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പാ–

സുന്ദരനും സുഭഗനും ആൾക്കൂട്ടത്തിൽ ശൗൽ രാജാവിനെപ്പോലെ തോൾമുതൽ പൊക്കമേറിയതും, ശബ്ദഘനത്താൽ ഏവരേയും തന്നിലേക്ക് ആകർഷിക്കുന്നവനും തന്റെ ദൈവീകജ്ഞാനത്താൽ സകല മനുഷ്യരേയും പരിപോഷിപ്പിക്കുന്നവനും, അതിരുകളില്ലാത്ത തന്റെ സ്നേഹം പങ്കിട്ടുകൊടുക്കുന്നവനും, വാക്സാമർത്ഥ്യത്താലും, ഫലിതവും പ്രസംഗചാതുരിയാലും ജനതയുടെ ഉള്ളിൽ ചേക്കേറിയവനുമാണ് നമ്മുടെ മാർ ക്രിസോസ്റ്റം തിരുമേനി.



## നൂറ് മേനി മികവോടെ


**–റൈറ്റ് റവ.ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ–**



നർമ്മത്തിലൂടെ തിരുമേനി മറ്റുള്ളവരിൽ പുഞ്ചിരി വിരിയിക്കുക മാത്രമല്ല ചെയ്യുന്നത്. സനാതനമായ മൂല്യങ്ങളുടെ വിത്തുകൾ ശ്രോതാക്കളുടെ ഹൃദയങ്ങളിൽ പാകിക്കിളിർപ്പിക്കുകയാണ് ചെയ്യുന്നത്. ദൈവവചനത്തിന്റെ വ്യാഖ്യാനം ഈ നൂറാം വയസ്സിലും തിരുമേനി നിർവ്വഹിക്കുന്നത് പുതുമയുടെ സൗന്ദര്യത്തോടും നൂറുമേനിയുടെ മികവോടും കൂടിയാണ്.

## മാർ ക്രിസോസ്റ്റം ദാർശനികതയും ആഘോഷവും

**–റൈറ്റ് റവ.ഡോ. തോമസ് മാർ തീത്തോസ് എപ്പിസ്കോപ്പ–**



2009 ഏപ്രിൽ 26നു ഞാൻ സെക്രട്ടറിയായി സേവനം ചെയ്യുന്ന അവസരത്തിൽ തിരുമേനിയെ ഹൃദയസംബന്ധമായ പരിശോധനകൾക്കായി വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ആൻജിയോഗ്രാം ചെയ്തപ്പോൾ ഹൃദയധമനികളിൽ മൂന്നു ബ്ലോക്ക്, ഉടൻ തന്നെ ആൻജിയോപ്ലാസ്റ്റിക്കു വിധേയനാക്കി. തിരുമേനിയുടെ സഹോദരൻ ഡോ.ജേക്കബ് ഉമ്മനും ഒപ്പമുണ്ടായിരുന്നു. തുടർന്നു കൊറോണറി കെയർ യൂണിറ്റിൽ പ്രവേശിപ്പിച്ചു. പിറ്റേന്നു രാവിലെ ഏഴുമണിയോടെ സഖറിയാസ് മാർ തെയോഫിലോസിന്റെ ഫോണെത്തി. ഞാൻ പറഞ്ഞു സഖറിയാസ് തിരുമേനിയാണെന്ന്.

കേൾക്കാൻ ബുദ്ധിമുട്ടുള്ളതുകൊണ്ട് സ്പീക്കർ ഓണാക്കിക്കൊടുത്തു. സഖറിയാസ് തിരുമേനി 'ഹലോ' പറഞ്ഞതേയുള്ളൂ, ക്രിസോസ്റ്റം തിരുമേനി അങ്ങോട്ടു പറഞ്ഞു: 'നിങ്ങൾ ഉദ്ദേശിച്ച കാര്യം ഈ വർഷം നടക്കാൻ പോകുന്നില്ല. ആ പുസ്തകം (കബറടക്കശുശ്രൂഷാ ക്രമം) അങ്ങു മടക്കിവച്ചേരെ. രോഗത്തെയും മരണത്തെയും ലാഘവത്തോടുകൂടി കാണാനുള്ള ദാർശനികതയും അതൊടൊപ്പംതന്നെ ജീവിതം ആഘോഷമാക്കി മാറ്റാനുള്ള അപൂർവ്വ കഴിവും തിരുമേനിക്കുണ്ട്.

## നൂറാം വയസിലും മുടങ്ങാതെ നിഷ്ഠകൾ, പ്രാർത്ഥന, ധ്യാനം

**–റവ. സജു പാപ്പച്ചൻ (സെക്രട്ടറി)–**




നൂറാം വയസ്സിലും വലിയ മെത്രാപ്പൊലീത്തയെ കർമോത്സുകനാക്കി നിർത്തുന്നതു ജീവിതത്തിൽ പാലിക്കുന്ന നിഷ്ഠകളാണ്. ദിവസവും മണിക്കൂറുകളോളം നീളുന്ന വ്യക്തിപരമായ പ്രാർത്ഥനയും ധ്യാനവും ഒരിക്കലും മുടങ്ങില്ല. പുലർച്ചെ മൂന്നു മണിക്കും മറ്റും എഴുന്നേറ്റു പ്രാർത്ഥിക്കും. കൂടെയുള്ളവരെ ഒരിക്കലും വിളിച്ചുണർത്താറില്ല. അവർ അവരുടെ സമയത്ത് എഴുന്നേൽക്കട്ടെ എന്നതാണു നിലപാട്.

യാത്ര തിരുമേനിക്കു ഹരമാണ്. യാത്ര വിലക്കാറില്ല. വിലക്കിയിട്ടു കാര്യവുമില്ല. ഒരിക്കൽപോലും അലസമായി സമയം കളയുന്നതിന് ഒരു മെടാറില്ല. എപ്പോഴും പ്രവർത്തനങ്ങളിൽ വ്യാപൃതനാകുന്നതാണു ശിലം. പരിപാടികൾ തിരഞ്ഞെടുക്കുമ്പോൾ സഭ, സമുദായം, രാഷ്ട്രീയം എന്നീ പരിഗണനകളൊന്നുമില്ല. ചെറുതും വലുതുമായ എല്ലാ പരിപാടികൾക്കും പോകും.

ചില വർഷങ്ങൾക്കു മുമ്പാണ് ഈ സംഭവം. തിരുവല്ല സെന്റ് തോമസ് റ്റി.റ്റി.ഐ യുടെ വാർഷികം നടക്കുന്നതിന്റെ തലേദിവസം അധ്യാപകവിദ്യാർത്ഥികൾ റ്റി.റ്റി.ഐയും പരിസരവും വൃത്തിയാക്കുകയും അലങ്കരിക്കുകയും ചെയ്യുന്ന കാര്യപരിപാടിയിൽ ഔൽസുക്യ വായ്പോടെ ഏർപ്പെട്ടിരിക്കുകയാണ്. അന്നു മെത്രാപ്പോലീത്തായായിരുന്ന അഭിവന്ദ്യ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്ത തിരുമേനിയാണ് വാർഷികയോഗത്തിൽ മുഖ്യാതിഥിയായി പങ്കെടുക്കുന്നത്. തിരുമേനിയെ കാണുവാനും കേൾക്കുവാനും ആ മഹനീയ സാന്നിധ്യത്തിന്റെ ഊഷ്മളത നുകരുവാനും റ്റി.റ്റി.ഐ കുടുംബം തയ്യാറെടുത്തിരിക്കുകയാണ്. റ്റി.റ്റി.ഐ യുടെ മുറ്റത്തുനിന്നും ആഡിറ്റോറിയത്തിലേക്കു പോകുന്ന വഴിയുടെ ചാരെത്തായി ഒരു വിഷുക്കൊന്ന പൂത്തുലഞ്ഞു നിൽപുണ്ട്. അയ്യപ്പപണിക്കർ കുറിച്ചതുപോലെ

“എനിക്കാവതില്ലേ പൂക്കാതിരിക്കാൻ
എനിക്കാവതില്ലേ പൂക്കാതിരിക്കാൻ
കണിക്കൊന്നയല്ലേ വിഷുക്കാലമല്ലേ
എനിക്കാവതില്ലേ പൂക്കാതിരിക്കാൻ”



ഷാജി ജോർജ്
സെന്റ് തോമസ് ടീച്ചർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്,
തിരുവല്ല

എന്ന് മൗനത്തിന്റെ ഭാഷയിൽ സംസാരിച്ചുകൊണ്ട് ആ കൊന്നമരം ഹൃദയത്തിൽ ഉൽസവം ആചരിച്ച് പുഷ്പവൃഷ്ടി നടത്തിയാണ് നിൽക്കുന്നത്. പിറ്റേദിവസം ക്രിസോസ്റ്റം തിരുമേനി വരുന്നതിന്റെ സന്തോഷം ഉൾക്കൊണ്ടതുപോലെ ആ വൃക്ഷം പുഷ്പവൃഷ്ടി പതിവിൽ കൂടുതലായി നടത്തുന്നുമുണ്ട്. അദ്ധ്യാപകവിദ്യാർത്ഥികൾ വീണുകിടക്കുന്ന പൂക്കളെല്ലാം അടിച്ചുവാരി വഴി വൃത്തിയാക്കുമ്പോഴേക്കും വീണ്ടും പൂക്കൾ വീണ് ആ പാത ഒരു പുഷ്പതൽപമായി മാറുകയാണ്. അപ്പോൾ അന്നു റ്റി.റ്റി.ഐ യിൽ പഠിച്ചിരുന്ന കോഴിക്കോടുകാരനായ അജീഷ് എന്ന അദ്ധ്യാപക വിദ്യാർത്ഥി പറഞ്ഞു – “ഈ പൂക്കൾ അടിച്ചുവാരി കളയേണ്ടതില്ല. അതിമനോഹരങ്ങളായ ഈ കൊന്നപ്പൂക്കൾ പട്ടുമെത്ത വിരിച്ച വീഥിയിലൂടെ നമ്മുടെ ക്രിസോസ്റ്റം തിരുമേനി കടന്നുവരട്ടെ” (ഇന്ന് അജീഷ് കോഴിക്കോട് ഒരു സ്കൂളിൽ അദ്ധ്യാപകനാണ്). അഭിവന്ദ്യ ക്രിസോസ്റ്റം തിരുമേനിയെ പൊതുസമൂഹം എങ്ങനെ വീക്ഷിക്കുന്നു എന്നതിന്റെ ഉത്തമ സാക്ഷ്യപത്രമാണ് അജീഷിന്റെ ഈ പ്രസ്താവന. ക്രിസോസ്റ്റം തിരുമേനിയെ ഓരോരുത്തരും സ്വീകരിക്കുന്നത് ഹൃദയത്തിൽ വിരിയുന്ന സ്നേഹത്തിന്റെ പൂക്കൾ വിരിച്ച ഹൃദയവീഥിയിലൂടെയാ




# ക്രിസ്തുശോഭയിൽ വിരിഞ്ഞ പത്മമായും പത്മഭൂഷിതനായ സൂര്യനായും...

ണ്. നമ്മുടെ രാഷ്ട്രം ഇന്ന് രാഷ്ട്രത്തിന്റെ ഹൃദയവീഥിയിലൂടെ പത്മഭൂഷിതനായ തിരുമേനിയെ ആനയിക്കുകയാണ്. ഹോശെയാ പ്രവാചകൻ പറയുന്ന വാക്കുകൾ ദൈവത്തിന്റെ അഭിഷിക്തനായ ക്രിസോസ്റ്റം തിരുമേനിയിലും സാർത്ഥകമാണ്. “അവൻ താമരപോലെ പൂത്തു ലെബാനോൻ വനം പോലെ വേരൂന്നും. അവന്റെ കൊമ്പുകൾ പടരും. അവന്റെ ഭംഗി ഒലിവു വൃക്ഷത്തിൻ ഭംഗി പോലെയും അവന്റെ വാസന ലെബാനോന്റേതു പോലെയും ഇരിക്കും. അവന്റെ നിഴലിൽ പാർക്കുന്നവർ വീണ്ടും ധാന്യം വിളയിക്കയും മുന്തിരിവള്ളിപോലെ തളിർക്കുകയും ചെയ്യും”. (ഹോശേയ 17:7,8). ഒരു താമര വിരിയുന്നതു എല്ലായ്പോഴും സൂര്യനെ പ്രണയിച്ചുകൊണ്ടും സൂര്യന് തന്റെ ആത്മശോഭ സമർപ്പിച്ചുകൊണ്ടുമാണല്ലോ. ക്രിസോസ്റ്റം തിരുമേനിയും അതുതന്നെയാണ് ചെയ്തുകൊണ്ടിരിക്കുന്നത്. ക്രിസ്തുവെന്ന രക്ഷയുടെ സൂര്യനെ സ്നേഹിച്ചുകൊണ്ട് ആത്മാവിൽ തിരുമേനി നൂറുമേനി ശോഭയോടെ വിരിയുകയാണ്. ഒരു താമര വിരിയുമ്പോൾ അതൊരു പബ്ലിസിറ്റിക്കും പോകാതെ തന്നെ ആ താമര വിരിഞ്ഞതു തിരിച്ചറിഞ്ഞ് വണ്ടുകളും തേനീച്ചകളും തേൻ നുകരാനായി കൂട്ടം കൂട്ടമായി എത്തിത്തുടങ്ങും. ക്രിസോസ്റ്റം തിരുമേനിയുടെ കാര്യത്തിലും അതു തന്നെയാണ് സംഭവിച്ചുകൊണ്ടിരിക്കുന്നത്. വലിപ്പച്ചെറുപ്പങ്ങളില്ലാതെ, പ്രായഭേദമില്ലാതെ, സഭാവ്യത്യാസമില്ലാതെ സകലരും ആ സ്നേഹത്തിന്റെയും നർമ്മത്തിന്റെയും വിശുദ്ധിയുടെയും മധു നുകരാൻ എത്തിച്ചേരുകയാണ്.

ക്രിസ്തുശോഭയിൽ വിരിയുന്ന ഹൃദയാഭിരമ്യമായ ഒരു അഭിവന്ദ്യ പത്മമാണ് പത്മഭൂഷൺ ജേതാവായ അഭിവന്ദ്യ ക്രിസോസ്റ്റം തിരുമേനി. അതേ സമയം അനേകരിൽ സ്നേഹത്തിന്റെ താമരപ്പൂക്കൾ വിരിയിക്കുന്ന ഒരു സൂര്യതേജസ്വി കൂടിയാണ് തിരുമേനി. പ്രഭാതസൂര്യൻ പൂർവദിക്കിൽ ഉദിക്കുമ്പോൾ സരോവരങ്ങളിലെ താമരമൊട്ടുകൾ പൂക്കളായ് വിരിയുന്നതുപോലെ അഭിവന്ദ്യ തിരുമേനിയുടെ സ്നേഹകിരണങ്ങളേറ്റ് തിരുമേനിയുടെ ശ്രോതാക്കളെല്ലാം വിരിയുന്ന സുന്ദര കാഴ്ചകളാണ് തിരുമേനി പങ്കെടുക്കുന്ന ഓരോ പരിപാടികളും. ഈ അഭിവന്ദ്യ സൂര്യൻ ഉദിച്ചുകഴിഞ്ഞാൽ സദസ്സൊരു താമരപ്പൊയ്കയായി മാറുകയാണ്. ഒ. എൻ.വി യോടൊത്തു ചേർന്നു നമുക്കും പാടാം.

“സ്വസ്തി, ഹേ സൂര്യ! തേ സ്വസ്തി!
മറ്റുള്ളവർക്കായ് സ്വയം കത്തിയെരിയുന്ന
സുസ്നേഹമൂർത്തിയാം സൂര്യാ!
വറ്റാത്ത നിറവാർന്ന നിൻ
തപ്ത ദീപ്തമാം അക്ഷയപാത്രത്തിൽ
നിന്നുറഞ്ഞൊഴുകുന്നൊ–
രിത്തിരിച്ചുടുപാൽ
വെളിച്ചം കുടിച്ചിവിടെ
ഇച്ചെറിയ വട്ടത്തിലി
ക്കൊച്ചു ഭൂമിയിൽ
ജീവന്റെയുന്മത്ത നൃത്തം.”

## BOOK REVIEW




DROPLETS OF GODLY VIRTUES' is handy book with candor, insight, sensitivity and compassion. There are 26 articles in alphabetical order. It begins with “ATTITUDE” and ends with “ZEBRA LINE OF LIFE”. In these days of internet and mobile where anybody can access to anything there is danger that that the youngster will be exposed to harmful forces which look fascinating and attractive. But we can prevent it says Cherian. A man can survive self doubt, vocational despair, and negative distractions. If he can develop a spiritual sense author should produce more such book. This was how “**Indian Express”, Trivandrum** in the review titled “Gems of wisdom for good life”. **REVIEW BY INDIAN EXPRESS TRIVANDRUM**......”

**“Your book indeed a very useful one. The innovative A to Z format is interesting in itself. I scanned the book, browsed a few pieces and carefully read a couple of articles. I must say that it is a useful guide to responsible living in these turbulent times. You have rendered with this book, a great service to teenagers and their parents. I hope your book will be widely read.”**

**Dr. D. Babu Paul, Former member of IAS, Vice Chancellor, Chief Secretary, Ombudsman**


It is my pleasure to recommend ‘Droplets of Godly virtues’ to the readers at large, it being a garland of thoughts with the 26 alphabets of English, for systematic reading and rehearsal for daily spiritual nurture for all mankind, irrespective of religion , cast or creed”.
**Mar Joseph Mar Barnabas Episcopa**
DROPLETS OF GODLY VIRTUES ‘is a book of life experiences the author has received from his journey in life. The author reaffirms that a sensible and meaningful by living can be attained only by having a strong bond with spiritual living. In the chapter titled “Mission and Vision of life”-the author highlights that every child of God should have a mission in life and he/she should strive to achieve it with apossitive vision. Rt. Rev. Dr .Issac Mar Philoxenos. ***For more details: Contact: 9446285784***



# മൊഴികൾ മുത്തുകളാക്കിയ മാർ ക്രിസോസ്റ്റം

"**ക്രി**സോസ്റ്റം തിരുമേനിക്ക് രാഷ്ട്രം നൽകിയ ഈ മംഗളോപഹാരം (പത്മഭൂഷൻ പുരസ്കാരം) അർഹമായ സമയത്ത് അർഹനായ വ്യക്തിക്ക് ലഭിക്കുന്ന ഏറ്റവും അഭിമാനാർഹമായ ആദരവാണ് എന്നതിൽ സഭ അഭിമാനം കൊള്ളുന്നു." അഭി. ജോസഫ് മാർത്തോമ്മാ മെത്രാപ്പോലീത്താ ഫെബ്രുവരി ലക്കം സഭാതാരകയിൽ തന്റെ കത്തിൽ കുറിച്ചിരിക്കുന്ന ഈ വാചകം വിയോജിക്കുവാനാവാത്തതും കൃത്യവുമാണ്. തന്റെ ഒപ്പം ഭാഗ്യമില്ലാത്ത സഹയാത്രികർക്ക് കരുതൽ ഉറപ്പാക്കിക്കൊണ്ടുള്ള യാത്ര ഒരു ശതാബ്ദം പിന്നിട്ട് 2018 ഏപ്രിൽ 27-ന് നൂറ്റിയൊന്നാം ആണ്ടിലേക്ക് പ്രവേശിക്കുന്നു. നിർവ്വചനങ്ങൾക്കു വഴങ്ങാത്ത വ്യക്തിത്വത്തിനുടമയായ ക്രിസോസ്റ്റം തിരുമേനിയുടെ പ്രവർത്തനശൈലി സവിശേഷമാണ്.

1918-ൽ ജനിച്ച് 1944-ൽ വൈദികനായി 1953-ൽ മേല്പട്ടക്കാരനായ തിരുമേനിയുടെ പൊതുപ്രവർത്തനരംഗത്തേക്കുള്ള പ്രവേശനത്തിന് ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായിരുന്ന സെർവന്റ്സ് ഓഫ് ഇൻഡ്യ എന്ന സംഘടന പ്രചോദനമായി. 1940 സെപ്റ്റംബർ 28-ന് അങ്കോലാ ക്രിസ്തുമിത്രാശ്രമത്തോടുചേർന്ന് ഒരു സുവിശേഷകനായി നിയോഗം ഏറ്റെടുത്ത് അന്നത്ത് ഫിലിപ്പ് ഉമ്മൻ ദൗത്യനിർവ്വഹണത്തിലെ പങ്കാളിത്വത്തിന് ആരംഭം കുറിച്ചു. പട്ടക്കാരനും, മേല്പട്ടക്കാരനും, മെത്രാപ്പോലീത്തായും, വലിയ മെത്രാപ്പോലീത്തായും ഒക്കെയായിത്തീർന്നപ്പോഴും തന്നിലെ സുവിശേഷകന്റെ ഉണ്മ ഉടയാതെ സൂക്ഷിക്കുവാൻ തിരുമേനിക്ക് കഴിഞ്ഞു.



റവ. മാത്യു പി. തോമസ്
അങ്ങാടിക്കൽ

സുവിശേഷവേലയെപ്പറ്റിയുള്ള തിരുമേനിയുടെ ദർശനം മൗലീകമാണ്. വ്യത്യസ്തതയിലുള്ള ഐക്യവും, ഐക്യത്തിലുള്ള വ്യത്യസ്തതയും ലോകത്തിനുള്ള സഭയുടെ സംഭാവനയാകണം എന്ന കാഴ്ചപ്പാടാണ് തിരുമേനിക്കുള്ളത്. സ്ഥലകാല പരിമിതികൾക്കുള്ളിൽ ജീവിക്കുന്ന മനുഷ്യന് പൂർണ്ണമായും മനസ്സിലാക്കുവാൻ പ്രയാസമാണ്. ദൈവാനുഭവങ്ങളുടെ പങ്കിടലാണ് സുവിശേഷവേല. സുവിശേഷവേലയിലൂടെ ധാരണകൾ വ്യത്യസ്തമാവുകയല്ല, വിശാലമാവുകയാണ് വേണ്ടത്. സുവിശേഷഘോഷണം എന്റെ രൂപാന്തരത്തിനും കൂടിയാണ്. അതുകൊണ്ടുതന്നെ 'എന്നെ' വെല്ലുവിളിക്കുന്ന പ്രക്രിയയാണ് സുവിശേഷവേല എന്നു തിരുമേനി വിശ്വസിക്കുന്നു. ദൈവം സ്നേഹിക്കുന്നവനെ ഞാനും സ്നേഹിക്കും, അതുകൊണ്ട് സുവിശേഷം മനുഷ്യനെ സ്നേഹിക്കുവാൻ നമ്മെ ശക്തീകരിക്കുന്നു എന്ന നിലപാടാണ് അദ്ദേഹത്തിന്റേത്. സുവിശേഷകൻ സുവിശേഷത്തിന്റെ അന്തസത്ത ഗ്രഹിച്ചിരിക്കണമെന്നും, സുവിശേഷം അറിയിക്കലിനെക്കാൾ സുവിശേഷം ആയിത്തീരലാണ് ദൈവം നമ്മെപ്പറ്റി ആഗ്രഹിക്കുന്നതെന്നുള്ള ബോധ്യമാണ് തിരുമേനിയെ ഭരിക്കുന്നത്.



സഭയുടെ വളർച്ചയെപ്പറ്റിയുടെ തീരുമേനിയുടെ കാഴ്ചപ്പാടും യഥാർത്ഥ്യബോധത്തോടെയാണ്. സഭയുടെ വളർച്ച സഭ മുൻകൈ എടുത്തല്ല, സഭാജനങ്ങൾ മുന്നിട്ടിറങ്ങക്കണെന്ന അഭിപ്രായമാണ് തിരുമേനിയുടേത്. സഭാജനങ്ങൾ പോയ ഇടങ്ങളിൽ കൂട്ടായ്മകൾ നടത്തി, തുടർന്ന് ഇടവകകൾ രൂപം കൊണ്ടു. അതുകൊണ്ട് നേതാക്കളല്ല, ജനങ്ങളാണ് പ്രഥമം എന്ന തിരുമേനിയുടെ വിശകലനം വസ്തുതകൾക്കു നിരക്കുന്നതുതന്നെയാണ്. ജനങ്ങളുടെ നുള്ളരി, പിടിയരി, ആദ്യഫല അർപ്പണങ്ങളുടെ പ്രാധാന്യം എത്ര വലുതായിരുന്നു എന്ന സത്യം, പുത്തൻപണത്തിന്റെ കുത്തൊഴുക്കിൽ, വിസ്മൃതിയിൽ ആവാതിരിപ്പാൻ ശ്രദ്ധിക്കണമെന്ന് ഈ വലിയ ഇടയൻ സദാ ഓർമ്മിപ്പിക്കുന്നു.

പ്രോട്ടോക്കോളിന്റെ കാർക്കശ്യമില്ലാത്ത വലിയ ഇടയനാണ് തിരുമനസ്സ്. "ദൈവം സ്നേഹിക്കുന്ന ഏവരേയും ഞാനും സ്നേഹിക്കും" എന്നത് വെറും പറച്ചിലല്ലെന്ന് തിരുമേനിയുടെ വർത്തമാനരീതിയിലൂടെ സ്വാഭാവികമായി വെളിപ്പെട്ടുകൊണ്ടിരിക്കുന്നു. അങ്കോലയിലെ ആദിവാസികളും, മുക്കുവത്തൊഴിലാളികളും, ജൊലാർപ്പെട്ടയിലെ പോർട്ടർമാരും, തിരുവല്ലായിലെ തെരുവിന്റെ മക്കളും ബോയ്സ്ഹോം സന്താനങ്ങളും, വലിയ ഇടയന് സഹജീവികൾ മാത്രമല്ല സഹോദരങ്ങളും മക്കളും ഒക്കെയാണ്. തനിക്ക് കത്ത് വിതരണം ചെയ്തിരുന്ന പോസ്റ്റുമാന് ക്രിസ്തുമസ് ആശംസാകാർഡ് അയപ്പിക്കുവാൻ ഈ വലിയ തിരുമേനി ശ്രദ്ധിച്ചിരുന്നു. 25 വർഷത്തെ സേവനത്തിനിടയിൽ തനിക്ക് ആദ്യമായി ലഭിച്ച ആശംസാകാർഡ് എന്ന് അതിനെ ആ പോസ്റ്റുമാൻ വിശേഷിപ്പിച്ചതും, അമൂല്യമായി കരുതിയതും ചരിത്രം.

തലമുറകൾ തമ്മിലുള്ള വിടവ് ബാധിക്കാതെ ശിശുക്കൾക്കൊപ്പം ശിശുഭാവത്തോടും ചെറുപ്പക്കാർക്കിടയിൽ ചെറുപ്പക്കാരൻ ആയും, പ്രായമുള്ളവർക്കിടയിൽ വലിയ വയസ്സനായും സംവദിക്കുവാൻ അനല്പമായി അനുഗ്രഹിക്കപ്പെട്ട വ്യക്തിത്വമാണ് ക്രിസോസ്റ്റം എന്ന സുവർണ്ണ നാവുകാരന്റേത്.

സഭാ ജനങ്ങൾക്കും, സുവിശേഷകർക്കും, പട്ടക്കാർക്കും ഒരേസമയം 'അപ്പച്ചൻ' എന്നാൽ ക്രിസോസ്റ്റം എന്ന വലിയ മെത്രാപ്പോലീത്തായാണ്. ബോയ്സ്ഹോമിലെ ആൺകുട്ടികൾക്ക് നിർണ്ണായകമായ ഒരു സമയത്ത് താങ്ങായി മാറി. തലോടൽ നൽകിയ ക്രിസോസ്റ്റം തിരുമേനിയെ 'അപ്പച്ചൻ' എന്ന് ഒരുപക്ഷേ ആദ്യമായി വിളിച്ചു തുടങ്ങിയത് ബോയ്സ്ഹോമിലെ അന്നത്തെ കുട്ടികളാണ്. 'അപ്പച്ചൻ' എന്നു വിളിക്കുവാനുള്ള തങ്ങളുടെ അവകാശം കൈവിട്ടുപോകാതെ ഇന്നും ആ തലമുറ നിലനിർത്തുന്നു. വാത്സല്യം പകർന്ന് 'അപ്പച്ചൻ' ആ വിളി ആവോളം ആസ്വദിക്കുകയും ചെയ്യുന്നു.

'നർമ്മത്തിൽ പൊതിഞ്ഞു മർമ്മം അവതരിപ്പിക്കുന്ന മഹാദാർശനികൻ' എന്നാണ് മുൻ ചീഫ് സെക്രട്ടറി ബാബു പോൾ തിരുമേനിയെ വിശേഷിപ്പിക്കുന്നത്. തമാശ പറഞ്ഞു കാലംപോക്കുന്ന കാരണവരായി വർഗ്ഗീകരിക്കുന്നത്. അന്ധന്മാരുടെ ആനക്കാഴ്ച പോലെയാണെന്നും അദ്ദേഹം പറയുന്നു. തിരുമേനി സ്വയം ചോദിക്കുന്നു. "ഞാൻ തമാശ പറയുമ്പോൾ ആളുകൾ എന്നോട് ഒരു സുഹൃത്തിനെപ്പോലെ അടുക്കുന്നു. സ്വതന്ത്രമായി വർത്തമാനം പറയാൻ തയ്യാറാവുന്നു. ആവശ്യത്തിലേറെ ഗൗരവം കാട്ടിയിട്ട് എന്താണ് കാര്യം?" നവീകരിക്കുന്ന നർമ്മോക്തിയുടെ ഉടമയായ ഈ ഗുരുശ്രേഷ്ഠൻ നർമ്മഭാഷണത്തിലൂടെ ദൈവസ്നേഹത്തിന്റെ ആഴം, സമസൃഷ്ടി സ്നേഹം, സമഭാവന സന്മാർഗ്ഗം, സാമൂഹിക ബോധം എന്നിവയുടെ സാമൂഹിക ബോധം പഠിപ്പിക്കുന്നു. ഓരോ സുവിശേഷപ്രഭാഷണങ്ങളും ബോധവത്കരണ പ്രഭാഷണങ്ങൾകൂടിയാക്കി മാറ്റാൻ അദ്ദേഹത്തിനു കഴിയുന്നു. "മൊഴികളെ മുത്തകളാക്കി മാറ്റി, നമ്മുടെ

മനസ്സുകൾക്ക് ആഭരണമായി അദ്ദേഹം ദാനം ചെയ്യുന്നു" എന്നാണ് ഒരു ഹൈന്ദവ പുരോഹിത ശ്രേഷ്ഠൻ തിരുമേനിയുടെ പ്രഭാഷണങ്ങളെ വിലയിരുത്തുന്നത്.

വിമർശ്ശനങ്ങൾക്കു പുറംതിരിയുന്നില്ല എന്നു മാത്രമല്ല, സ്വയ വിമർശ്ശനത്തിനും തിരുത്തലിനും സന്നദ്ധനുമാണ് ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ "തെറ്റിക്കൂടായ്മ"യുണ്ടെന്ന അഹന്തയല്ല പരിമിതകളുള്ള സാധാരണക്കാരനാണ് താനെന്ന വിചാരമാണ് തിരുമേനിയെ ഭരിക്കുന്നത്. അതുകൊണ്ടുതന്നെ വിമർശനങ്ങൾ ഉൾക്കൊണ്ടു പ്രതികരിക്കുവാൻ അദ്ദേഹം സന്നദ്ധനാണ്. ഇടവകതലത്തിലും അസംബ്ലി മണ്ഡലം, കൗൺസിൽ, സിനഡ്തലങ്ങളിലും, വിവിധ കമ്മിറ്റികളിലും തുറവിയുള്ള മനസ്സിന്റെ ഉടമയായി നിയന്ത്രിക്കുവാൻ അദ്ദേഹത്തിനു കഴിഞ്ഞിരുന്നു. യോജിക്കുവാനും, വിയോജിക്കുവാനും, നിർഭയം അഭിപ്രായങ്ങൾ പ്രകടിപ്പിക്കുവാനും വിമർശിക്കുവാനുമുള്ള സ്വാതന്ത്ര്യം അനുവദിക്കുന്നതിൽ ലുബ്ദോ, അസഹിഷ്ണതയോ പ്രകടിപ്പിക്കാത്ത ഭരണാധികാരിയായിരുന്നു വലിയ മെത്രാപ്പോലീത്താ. ഈ തുറവിയുള്ള നിലപാടുകളും, തക്കസമയം പിൻഗാമിക്കായി സ്ഥാനം ഒഴിഞ്ഞുകൊടുത്ത അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്താ തിരുമേനിയുടെ മാതൃക ഉൾക്കൊണ്ടുള്ള സ്ഥാനത്യാഗവും ക്രിസോസ്റ്റം തിരുമേനിയുടെ വ്യക്തിത്വത്തിന്റെ മഹത്വവും ഗരിമയും വർദ്ധിപ്പിച്ചതേയുള്ളൂ, ഒപ്പം ജനമനസ്സുകളിലെ സ്ഥാനവും.

എവിടെയും നന്മയെ പ്രോത്സാഹിപ്പിക്കുന്ന തിരുമേനി, സമൂഹത്തിന്റെ പ്രചോദനമായി മാറുന്നു. ജനകീയാസൂത്രണത്തിനു തിരുമേനി നൽകിയ പിന്തുണ ഭരണാധികാരികൾ എടുത്തു പറയാറുണ്ട്. നേത്രദാന സമ്മതപത്രം ഒപ്പിട്ടു നൽകി സംസ്ഥാന സർക്കാരിന്റെ 'ദർശനം' പദ്ധതിക്ക് തിരുമേനി പ്രചോദനമായതെങ്ങനെയെന്ന് മുൻ മന്ത്രി കൂടിയായ എം.എ. ബേബി അനുസ്മരിക്കുന്നുണ്ട്. ഒരു സഭയുടെ ചുമതലക്കാരൻ ആയിരിക്കുമ്പോഴും ഒരു സമൂഹത്തിന്റെ ചുമതലക്കാരനായി മാറാൻ കഴിയുന്നു എന്നാണ് സി.എസ്.ഐ. സഭാ മോഡറേറ്റർ തോമസ് കെ. ഉമ്മൻ ക്രിസോസ്റ്റം തിരുമേനിയുടെ ജീവിതത്തെയും ദൗത്യത്തെയും വിലയിരുത്തുന്നത്.

മതം, ഭാഷ എന്നിവയുടെ അടിസ്ഥാനത്തിലും പ്രാദേശികതയും ദേശീയതയും അപകടകരാംവിധം ജ്വലിപ്പിച്ചു നിർത്തിയും മനുഷ്യനെ ഭിന്നിപ്പിക്കുന്ന താല്പര്യങ്ങൾ അരങ്ങുവാഴുവാൻ ശ്രമിക്കുന്ന ഇക്കാലത്ത് ദൈവത്തിന്റെയും വിശ്വാസമാനവിയതയുടെയും സുവിശേഷം വിളംബരം ചെയ്യുന്ന മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായുടെ നിലപാടും ശൈലിയും പണ്ടത്തേക്കാളും സംഗതമാണിന്ന്.

# കുട്ടികളെ സ്നേഹിച്ച 'അപ്പച്ചൻ'

**റവ: സണ്ണി ജോർജ്**

ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പൊലീത്തയ്ക്ക് അപ്പച്ചൻ എന്നൊരു വിളിപ്പേരുണ്ട്. ഈ പേരു വീണതിനു പിന്നിൽ ഒരു ചരിത്രമുണ്ട്. തിരുവനന്തപുരം ഭദ്രാസനാധിപനായിരിക്കുമ്പോൾ പുനലൂർ ബോയ്സ് ഹോമിന്റെ ഭരണകാര്യങ്ങളിൽ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. അവിടുത്തെ ഭരണസമിതി, 14 വയസ്സു പൂർത്തിയാകുന്ന എല്ലാവരെയും ബോയ്സ് ഹോമിൽ നിന്നു മാറ്റാൻ ഒരിക്കൽ തീരുമാനമെടുത്തു.

തിരുമേനി അതിനെ എതിർത്തു. പിള്ളാരെങ്ങോട്ടു പോകും? അവർ അവിടെത്തന്നെ നിൽക്കട്ടെ എന്നു തിരുമേനി. എന്നാൽ, കമ്മറ്റിക്കാർ കൂട്ടാക്കിയില്ല. പറഞ്ഞദിവസമായപ്പോളേക്കും കമ്മറ്റിക്കാർ അൽപം അയഞ്ഞെങ്കിലും തിരുമേനി അയഞ്ഞില്ല. തീരുമാനിച്ചതു തീരുമാനിച്ചുവെന്നും കുട്ടികളെ ഇറക്കിവിടണമെന്നും തിരുമേനി പറഞ്ഞു.

ഇതേസമയം, ബോയ്സ്ഹോമിന്റെ കാണാമറയത്ത് ഒരു മിനി ബസ് കുട്ടികളെ കാത്തുകിടപ്പുണ്ടായിരുന്നു. ഈ ബസിൽ ഇവരെ മൂന്നുനാലു കിലോമീറ്റർ അകലെ സഭയുടെ മറ്റൊരു കെട്ടിടത്തിൽ എത്തിച്ചു. കമ്മറ്റിക്കാർ അറിയാതെയായിരുന്നു ഈ യാത്ര. കുട്ടികൾ അവിടെയാണെന്നറിയാതെ കമ്മറ്റിക്കാർ ഗതിമുട്ടി. പിള്ളാരെപ്പിടുത്തക്കാരെ ഭയക്കുന്ന കാലമായിരുന്നു അത്.

ഒടുവിൽ ബോയ്സ് ഹോമിന്റെ ചുമതലക്കാർ കുട്ടികളെ കണ്ടുപിടിച്ചു. ക്ഷുഭിതരായി ചില ചോദ്യങ്ങൾ ചോദിച്ചപ്പോൾ തിരുമേനി അപ്പച്ചൻ പറഞ്ഞിട്ടാണ് ഇവിടെ എത്തിയത് എന്നായിരുന്നു കുട്ടികളുടെ മറുപടി. അന്നുമുതലാണു സഭയിൽ മാർ ക്രിസോസ്റ്റത്തിന് 'അപ്പച്ചൻ' എന്ന പേരു വന്നത്. ആ വിളി ഇപ്പോൾ മുതിർന്നവരും അനുകരിക്കുന്നു.

**കടപ്പാട് മനോരമ ഓൺലൈൻ**

# ഒരു നല്ല അയൽക്കാരനായി

**പി.എം. മാത്യു കറ്റാനം**

പത്മഭൂഷൻ ബഹുമതി ലഭിച്ച മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായ്ക്ക് കോഴഞ്ചേരി മാർത്തോമ്മാ ഇടവക നൽകിയ അനുമോദന ചടങ്ങിനു മറുപടിയായി പറഞ്ഞതിങ്ങനെയായിരുന്നു.

'ദൈവം എന്റെ മുമ്പിൽ പ്രത്യക്ഷപ്പെട്ട് ഒരു വരം ചോദിക്കാൻ ആവശ്യപ്പെട്ടാൽ ഞാൻ ആവശ്യപ്പെടുന്നത് ഇപ്രകാരമായിരിക്കും. ദൈവമേ, എന്നെപ്പോലെ എന്റെ അയൽക്കാരനെയും സ്നേഹിക്കാൻ കൃപയും ശക്തിയും നൽകണമേ.'

മഹാത്മാഗാന്ധിയെപ്പോലെ ലളിതജീവിതവും ഉന്നതചിന്തയുമുള്ളവർ എക്കാലവും മനുഷ്യഹൃദയങ്ങളിൽ ജീവിക്കുന്നു. കാലത്തിന്റെ മാറ്റങ്ങളുടെ ഓരോ ഘട്ടത്തിലും മറ്റുള്ളവർക്ക് നന്മ ചെയ്യുവാനും അവരുടെ ദുഃഖങ്ങളിലും ദുരിതങ്ങളിലും പങ്കുചേർന്ന് അവർക്ക് സാന്ത്വനവും സഹായവും നൽകുവാൻ മഹാന്മാർ ജനിക്കുന്നു. ചരിത്രത്തിന്റെ താളുകളിലൂടെ ഇവരെ നമ്മൾ പരിചയപ്പെടുകയും ഇവർ ലോകത്തിനു നൽകിയ സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും നന്മനിറഞ്ഞതും വിലപ്പെട്ടതുമായ സംഭാവനകൾ എന്നും ഓർക്കുകയും ചെയ്യുന്നു.

മാർ ക്രിസോസ്റ്റം തിരുമേനി ജീവിതത്തിന്റെ ഓരോ ഘട്ടവും ഓരോ ആഘോഷമായിട്ടാണ് കാണുന്നത്. ആഘോഷം എന്നാൽ ഒരു സംസ്കാരത്തിന്റെ പ്രതിഫലനം കൂടിയാണ്.

# കലഹമുണ്ടാക്കുന്ന 'മിസ്'മാർ



**ട്വിങ്കിൾ കെ. യോഹന്നാൻ**

'മാർത്തോമ്മ സഭയിൽ കലഹമുണ്ടാക്കുന്നത് മൂന്ന് അവിവാഹിതരാണ്. ഞാൻ അവരുടെ പേര് പ്രഖ്യാപിക്കാൻ പോകുന്നു.'

ഒരു സമ്മേളനത്തിൽ മാർ ക്രിസോസ്റ്റം ഇങ്ങനെ പറഞ്ഞപ്പോൾ സദസിൽ മുട്ടുസൂചി നിലത്തു വീണാൽ കേൾക്കാവുന്നത്ര നിശബ്ദത.

വൈകിയില്ല, തിരുമേനി പറഞ്ഞുതുടങ്ങി; 'മിസ് അണ്ടർ സ്റ്റാൻഡിംഗ്, മിസ് റെപ്രസെന്റേഷൻ പിന്നെ മിസ് ഇന്റർ പ്രറ്റേഷനും.'

ഈ മൂന്ന് മിസ് മാരാണ് സഭയിലെ എല്ലാ പ്രശ്നങ്ങൾക്കും കാരണം. പ്രശ്നക്കാരായ ഇവരെ നമ്മുടെ കുടുംബത്തിൽ നിന്ന് ഓടിച്ചില്ലെങ്കിൽ ഇവർ നമ്മുടെ കുടുംബം കുളം തോണ്ടും. തിരുമേനി പറഞ്ഞു നിർത്തി.

# ചിരിയുടെ അകലം മാത്രം

**വർഗ്ഗീസ്. സി. തോമസ്**

ക്രിസ്തുവിൽ ക്രിസോസ്റ്റത്തിലേക്ക് ഒരു ചിരിയുടെ അകലം മാത്രമേയുള്ളൂ. ചിരിക്കാൻ മറന്നുപോയ ഒരു തലമുറയെ നർമത്തിന്റെ പൊന്നാട അണിയിച്ച വലിയ ഇടയൻ എന്നാവും ചരിത്രം ഈ സുവർണ നാവുകാരനെ അടയാളപ്പെടുത്തുക. ക്രിസ്തു ഉപമകളിലൂടെ വചനത്തെ ജനകീയമാക്കി. മനസ്സുകളെ ചേർത്തു നിർത്താൻ ഡോ. ഫിലിപ്പോസ് മാർ ക്രിസോസ്റ്റം കണ്ടെത്തിയതും ദൈവപുത്രന്റെ മാർഗം തന്നെ. ഉപമകൾക്കു പകരം മേമ്പൊടിയായി ചേർത്തതു താമശായായിരുന്നു എന്നു മാത്രം.

ആത്മീയ ലോകത്ത് നർമത്തിന്റെ സാധ്യത കണ്ടറിഞ്ഞു ഈ വലിയ ഇടയൻ. ക്രിസോസ്റ്റം തുറന്നുവിട്ട ചിരികളുടെ അലകൾ സമൂഹത്തിലേക്കും പടർന്നു കയറി. നർമത്തിന്റെ ആ നല്ല ഇടയന്റെ ജീവിത്തിൽ ഇനി പത്മഭൂഷന്റെ തിളക്കവും.



# നർമ്മത്തിന്റെ മഞ്ഞുതുള്ളികൾ ധർമ്മത്തിന്റെ നീർച്ചാലുകളായി മാറുമ്പോൾ

**മാർ ക്രിസോസ്റ്റം ശതാബ്ദി സ്പെഷ്യൽ പതിപ്പായി ഹെർമ്മോൻ ദൂതൻ പ്രസിദ്ധീകരിക്കുന്നതിന്റെ ഭാഗമായി റവ. പി.ജെ. തോമസ്, വർഗ്ഗീസ് തരകൻ, ജോൺസൺ വൈദ്യൻ അഭിവന്ദ്യ വലിയ മെത്രാപ്പോലീത്താ തിരുമേനിയുമായി നടത്തിയ അഭിമുഖത്തിൽനിന്നും...**

*തിരുമേനിയെ എല്ലാവരും ഇഷ്ടപ്പെടുന്നു. തിരുമേനി എല്ലാവരെയും ഇഷ്ടപ്പെടുന്നു. കാരണം?*
നാം എല്ലാവരെയും ഇഷ്ടപ്പെടുമ്പോൾ എല്ലാവരും നമ്മളേയും ഇഷ്ടപ്പെടും. ദൈവം ഈ ലോകത്തിൽ ഒന്നിനേയും വെറുത്തില്ല. എല്ലാവരേയും സ്നേഹിച്ചു. ക്രൂശിലെ മരണത്തോളം സ്നേഹിച്ചു.

*എല്ലാറ്റിലും നർമ്മം കലർന്ന അവിടുത്തെ ജീവിതശൈലിയിൽനിന്നും ഞങ്ങൾ എന്താണ് ഉൾക്കൊള്ളേണ്ടത്?*
നർമ്മത്തിലൂടെ ധർമ്മത്തിന്റെ നീർച്ചാലുകളായി മാറുവാൻ കഴിയണം. എവിടെയൊക്കെ നന്മ ചെയ്യാമോ അവിടെയൊക്കെ നന്മ ചെയ്യുക.

*തിരുമേനിയുടെ ജീവിതത്തിൽ ഏറ്റവും കൂടുതൽ സന്തോഷിപ്പിച്ച ഘടകം? പട്ടക്കാരൻ/സഭയുടെ പരമോന്നത സ്ഥാനം/രാഷ്ട്രത്തിന്റെ പരമോന്നത ബഹുമതി?*
ഒരു ദൈവീകശുശ്രൂഷകനായി സാധാരണക്കാരന്റെ ആവശ്യങ്ങൾ തിരിച്ചറിഞ്ഞു സ്നേഹിപ്പാനും, സേവിപ്പാനും ലഭിക്കുന്ന ഓരോ അവസരങ്ങളും.

*തിരുമേനിയെ ഏറ്റവും കൂടുതൽ വേദനിപ്പിക്കുന്ന ഘടകങ്ങൾ?*
ആത്മീയരുടെ ഇടയിലെ ഐക്യതയില്ലായ്മയും ആത്മാർത്ഥത ഇല്ലായ്മയും ആഡംബരജീവിതശൈലിയും.

*വൈദികരെപ്പറ്റിയുള്ള തിരുമനസ്സിന്റെ കാഴ്ചപ്പാട്?*
വൈദീകർ പാലം പണിയുന്നവർ ആയിരിക്കണം. പാലം തകർക്കുന്നവരോ, പാലം വലിക്കുന്നവരോ ആകരുത്. (ബന്ധങ്ങൾ കെട്ടിപ്പടുത്തുന്നവർ എന്നു സാരം) അവർ സഭയ്ക്കായും, സമൂഹത്തിനായും നിലകൊള്ളുന്നവർ ആയിരിക്കണം.

*സഭ/സഭാമക്കളെപ്പറ്റിയുള്ള തിരുമനസ്സിന്റെ കാഴ്ചപ്പാട്?*
നന്മ ചെയ്ത് നല്ല മനുഷ്യരായി നിലകൊള്ളണം. നാം ചെയ്യുന്ന നന്മയിലൂടെ മറ്റുള്ളവർ നമ്മിൽ ക്രിസ്തുവിനെ കാണണം.

*അടൂർ ഭദ്രാസനത്തിൽ അഭിവന്ദ്യ തിരുമേനി ശുശ്രൂഷിച്ചതാണ്. അടൂർ ഭദ്രാസനത്തെപ്പറ്റി തിരുമേനിയുടെ അഭിപ്രായം?*
അടൂർ ഭദ്രാസനത്തിന്റെ പരിധിയിൽ ഉണ്ടായിരുന്ന ഒരാളായിരുന്നു കായംകുളം കൊച്ചുണ്ണി. കള്ളനായിരുന്നു എങ്കിലും ഏറെ നന്മയുള്ള വ്യക്തിയായിരുന്നു. അദ്ദേഹം മോഷ്ടിച്ചത് അത്താഴപ്പട്ടിണിക്കാരന്റെ വിശപ്പകറ്റുവാനായിരുന്നു. അടൂരുകാരായ നിങ്ങളോ/അരുടെ വിശപ്പാണു നിങ്ങൾ അകറ്റുന്നത്? ആർക്കുവേണ്ടിയാണ് നിങ്ങൾ ജീവിക്കുന്നത്? നിങ്ങളുടെ എല്ലാ പ്രവർത്തനങ്ങളും അനേകർക്കു ജീവൻ നൽകുന്നതായിത്തീരണം.

നർമ്മത്തിന്റെ മഞ്ഞുതുള്ളികൾ ഞങ്ങളിൽ ധർമ്മത്തിന്റെ നീർച്ചാലുകളായി ഒഴുകിയിറങ്ങിയപ്പോൾ ഞങ്ങൾ പറഞ്ഞു അവിടുത്തെ ഓർത്ത് ഞങ്ങൾ അഭിമാനം കൊള്ളുന്നു. ഞങ്ങൾ അങ്ങേയ്ക്ക് വേണ്ടി പ്രാർത്ഥിക്കും. മറുപടിയെന്നോണം തിരുമേനി പറഞ്ഞു: “എനിക്കു സന്തോഷമായി; കാരണം നിങ്ങൾ എനിക്കുവേണ്ടി പ്രാർത്ഥിക്കണം. സഭയ്ക്കുവേണ്ടി പ്രാർത്ഥിക്കണം, ഈ സമൂഹത്തിനുവേണ്ടി പ്രാർത്ഥിക്കണം.

## അടൂർ ഭദ്രാസനത്തിൽ അനുഗ്രഹീത ശുശ്രൂഷ നിർവ്വഹിച്ച് സ്ഥലം മാറിപ്പോകുന്ന/വിരമിക്കുന്ന വൈദീകർക്ക് യാത്രാമംഗളം

റവ. പി.റ്റി. ഈശോ
റവ. മാത്യൂസ് മാത്തുണ്ണി
റവ. ഏബ്രഹാം സി. തര്യൻ
റവ. ജോൺസൺ വർഗ്ഗീസ്
റവ. ജേക്കബ് മാത്യു
റവ. പി.എസ്. തോമസ്
റവ. റ്റി. പി മാത്യു

## അടൂർ ഭദ്രാസനത്തിലേക്ക് ആഗതരാകുന്ന വൈദീകർക്ക് സ്വാഗതം

റവ. ഏബ്രഹാം തോമസ്, കൈപ്പട്ടൂർ ശാലേം & സെന്റ് തോമസ്
റവ. അനീഷ് പി. അലക്സ്, കുന്നത്തൂർ ശാലേം & മണ്ണാറോഡ് ബഥേൽ
റവ. ബേബി ജോൺ, ഇളംപള്ളിൽ എബനേസർ & ഐരാണിക്കുടി ഇമ്മാനുവേൽ
റവ. ജോൺ ഫിലിപ്പ്, ഏനാത്ത് എം.റ്റി.സി. (അസിസ്റ്റന്റ്)
റവ. രാജു ഫിലിപ്പ് സെക്കറിയ, കോഴിക്കോട് സെന്റ് തോമസ്
റവ. റെജിൻ രാജു, ഞക്കനാൽ ശാലേം & കൊറ്റംപള്ളിൽ ബഥേൽ
റവ. സാം ഏബ്രഹാം, കായംകുളം ശാലേം
റവ. എം.സി. ശാമുവേൽ, കുറത്തികാട് ജെറുസലേം
റവ. ഡോ. ഷാം പി. തോമസ്, ഏനാത്ത് എം.റ്റി.സി.

## അടൂർ ഭദ്രാസന ഇടവകകളിൽ സ്ഥലം മാറുന്ന വൈദീകർ

റവ. വൈ. അലക്സ്, പറക്കോട് ഇമ്മാനുവേൽ & കുന്നിട സെന്റ് തോമസ്
റവ. ബ്ലസൻ റ്റി. കുവൈറ്റ് സെന്റ് ജോൺസ്
റവ. ഡോ. ജോർജ്ജ് മാത്യു, തേവലക്കര ഇമ്മാനുവേൽ & അരിനല്ലൂർ ബഥേൽ
റവ. ജോർജ്ജ് വർഗ്ഗീസ്, മണ്ണടി എം.റ്റി.സി. & മണ്ണടി സെന്റ് തോമസ്
റവ. ജേക്കബ് ജോൺ, അൽ-ഐൻ എം.റ്റി.സി.
റവ. പ്രിൻസ് വർഗ്ഗീസ്, തഴവ എം.റ്റി.സി. & പതാരം സെന്റ് തോമസ്
റവ. സാം റ്റി. പണിക്കർ, കറ്റാനം സെന്റ് തോമസ്
റവ. ശാമുവേൽ കെ, കൊടുമൺ സെഹിയോൻ & തേപ്പുപാറ ബഥേൽ
റവ. സുനിൽ എ. ജോൺ, തേവലക്കര വലിയപള്ളി
റവ. പി.ജെ. തോമസ്, കൊറ്റനല്ലൂർ ശാലേം & കോട്ടറ സെന്റ് തോമസ്

## ഹെർമ്മോൻ ദൂതൻ വരിസംഖ്യ

**ഹെർമ്മോൻ ദൂതൻ വരിസംഖ്യ എല്ലാ ഇടവകകളും എത്രയും വേഗം ഭദ്രാസന ഓഫീസിൽ അടയ്ക്കണമേ**

## കിഡ്നി ഡയാലിസിസ് സഹായപദ്ധതി

**മാർ ക്രിസോസ്റ്റം മാർത്തോമ്മാ വലിയ മെത്രാപ്പോലീത്തായുടെ ജന്മദിനത്തോടനുബന്ധിച്ച് ക്രമീകരിക്കുന്ന കിഡ്നി ഡയാലിസിസ് സഹായപദ്ധതിയിലേക്ക് നോമ്പുകാലത്ത് ഓരോ കാലത്തും മാറ്റിവെച്ച തുക ഭദ്രാസന ഓഫീസിൽ അടയ്ക്കണമേ.**

പാചകവീഥി

# ഇടിച്ചക്ക കട്ലറ്റ്

മറിയം ഏബ്രഹാം
ശാലേം മാർത്തോമ്മ ചർച്ച്, കടമ്പനാട്



***ആവശ്യമുള്ള സാധനങ്ങൾ***

| | | |
|---|---|---|
| ഇടിച്ചക്ക | - | 500 ഗ്രാം |
| സവാള | - | രണ്ട് |
| ചെറിയഉള്ളി | - | 250 ഗ്രാം |
| ഇഞ്ചി | - | ഒരു കഷണം |
| വെളുത്തുള്ളി | - | പത്ത് അല്ലി |
| പച്ചമുളക് | - | നാല് എണ്ണം |
| ഗരം മസാലപ്പൊടി | - | മൂന്ന് ടേബിൾ സ്പൂൺ |
| കുരുമുളക്പൊടി | - | 1 ടീസ്പൂൺ |
| മുട്ട | - | രണ്ട് എണ്ണം |
| റൊട്ടിപൊടി | - | രണ്ട് തവി |
| റൊട്ടിപൊടി | - | പാകത്തിന് |
| കറിവേപ്പില, മല്ലിയില, ഉപ്പ്, എണ്ണ | - | ആവശ്യത്തിന് |

**തയ്യാറാക്കുന്ന വിധം**

ഇടിച്ചക്കയുടെ മുള്ള് ചെത്തിയ ശേഷം കഷണങ്ങൾ ആക്കി ഉപ്പും മഞ്ഞളും പുരട്ടി ആവിയിൽ വേവിക്കുക. ചൂടാറിയതിനുശേഷം ഇവ ചോപ്പറിലോ മിക്സിയിലോ പൊടിക്കുക (അധികം അരഞ്ഞ് പോകരുത്). ഉള്ളി, വെളുത്തുള്ളി, ഇഞ്ചി, പച്ചമുളക്, കറിവേപ്പില, മല്ലിയില എന്നിവ ചെറുതായി അരിയുക. ചീനച്ചട്ടിയിൽ എണ്ണ ഒഴിച്ച് ഇവ വഴറ്റുക. ലേശം ഉപ്പും ചേർക്കുക. ഉള്ളി ചുവന്നു വരുമ്പോൾ ഗരം മസാലപ്പൊടി ഇട്ട് ഇളക്കണം. തീ കുറച്ചതിനുശേഷം മുട്ടയുടെ ഉണ്ണി ചേർത്ത് ഇളക്കുക. രണ്ട് തവി റൊട്ടിപൊടിയും ഈ കൂട്ടിൽ ചേർത്ത് ഇളക്കുക. പൊടിച്ചു വച്ചിരിക്കുന്ന ഇടിച്ചക്കക്കൂട്ട് ഈ മിശ്രിതത്തിൽ ചേർത്ത് ഇളക്കി വാങ്ങുക. (ഇതിന് ഉരുളക്കിഴങ്ങ് പുഴുങ്ങി ചേർക്കേണ്ട ആവശ്യം ഇല്ല. ഈ കൂട്ട് കുറേശെ ഉരുട്ടി എടുത്ത് ഇഷ്ടമുള്ള ആകൃതിയിൽ പരത്തി പതപ്പിച്ച മുട്ടയുടെ വെള്ളയിൽ മുക്കി റൊട്ടിപൊടിയിൽ പൊതിഞ്ഞ് എണ്ണയിൽ വറുത്ത് കോരുക. ടൊമാറ്റോ സോസ് കൂട്ടി കഴിക്കാൻ പറ്റിയ വിഭവമാണ്.

# വാർത്തകൾ

## ഭദ്രാസന അസംബ്ലി

2018 ജൂലൈ 14 ശനിയാഴ്ച, അടൂർ സ്പിരിച്ച്വാലിറ്റി സെന്റർ

## ഭദ്രാസന സൺഡേസ്കൂൾ

2018 മെയ് 1 ശനിയാഴ്ച, രാവിലെ 10 ന് : ബൈബിൾക്വിസ്, 2.30ന് : ബാലസമാജോത്സവം
അടൂർ സ്പിരിച്ച്വാലിറ്റി സെന്റർ

## സേവികാസംഘം വാർഷിക പൊതുയോഗം

2018 മെയ് 18, അടൂർ സ്പിരിച്ച്വാലിറ്റി സെന്റർ

## കരിസ്മാറ്റിക് ധ്യാനം

എല്ലാ 1–ാം ശനിയാഴ്ചകളിലും അടൂർ സ്പിരിച്ച്വാലിറ്റി സെന്ററിൽ, രാവിലെ 9.30 ന്

## വിജയവഴി റെസിഡൻഷ്യൽ ക്യാമ്പ് – 1–ാം ഘട്ടം

2018 ഏപ്രിൽ 15 മുതൽ 19 വരെ അടൂർ സ്പിരിച്ച്വാലിറ്റി സെന്ററിൽ

## വിദ്യാലയ വർഷാരംഭ ധ്യാനവും പഠനോപകരണ വിതരണവും

2018 മെയ് 23 ബുധൻ, ഉച്ചയ്ക്ക് 2.30 ന് അടൂർ സ്പിരിച്ച്വാലിറ്റി സെന്ററിൽ

## ദീപ്തി ബാലികാ ഭവൻ, പള്ളിപ്പാട്

അപേക്ഷകൾ ക്ഷണിക്കുന്നു – 2018–19 അദ്ധ്യയനവർഷത്തിൽ 5, 6, 7 ക്ലാസ്സുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥിനികളുടെ പ്രവേശനം ക്ഷണിച്ചുകൊള്ളുന്നു.
കൂടുതൽ വിവരങ്ങൾക്ക്: റവ. സജി കോശി, 0479 2409153, 9496156743, 9207417490

## ഭദ്രാസന വൈദികരുടെ വാർഷിക സമ്മേളനം

2018 ഒക്ടോബർ 8 മുതൽ 11 വരെ പെരിങ്ങാലം ധ്യാനതീരം

കവിത

# കർമ്മസൂര്യൻ

വി. ലൂക്കോസ്
പടിഞ്ഞാറേ കല്ലട

ചിരിച്ചും ചിരിപ്പിച്ചും ചിന്തിച്ചും ചിന്തിപ്പിച്ചും
ചിരിയെ ചിന്തയ്ക്കുള്ളോരിന്ധനമാക്കി ഭവാൻ
മർമ്മത്തെ ഉണർത്തുന്ന നർമ്മങ്ങളുണരുന്നു
മർമ്മങ്ങളുണരുമ്പോൾ മർമ്മരം മറന്നുപോം
നാറുന്നു ചെളിക്കുണ്ടും തീറുന്ന തീകുണ്ഡവും
ഹാ! നറുമണങ്ങളാൽ തുളുമ്പെ നിറയ്ക്കുന്നു!



നവതി കഴിഞ്ഞപ്പോൾ ഉന്മേഷമുൻമിഷത്ത്
നവതീ നവോന്മേഷ പ്രതിഭൻ പ്രജ്ഞാബലൻ
ശതാബ്ദി തികവിലോ ജാജ്വല്യൻ കർമ്മസൂര്യൻ
ശതാബ്ദ പ്രഹർഷമാം അർക്കാഭ സഹസ്രാബ്ദേ
ഈ മഹാമഹിമശ്രീ വലിയ തിരുമേനീ
ഈ മഹാ 'പത്മഭൂഷൻ' ഭാരത വിഭൂഷിതൻ
ഭാരത സുമേരുവിൽ ഉത്തുംഗശൃംഗത്തിങ്കൽ
ആരൂഢനപ്രതിമ പ്രഭാവൻ, സ്ഥിത പ്രജ്ഞൻ!

മതങ്ങൾ മാനിക്കുന്നു രാഷ്ട്രങ്ങൾ മാനിക്കുന്നു
മതത്തിനതീതമാം സൗരഭ്യപ്രഭാസാരം
ആയിരമതിൽപരം പൂർണ്ണചന്ദ്രനെ കണ്ടു
ആയിരത്തിൽപ്പരം ജന്മസാഫല്യം നേടി
ആയിരം തേജോഗോളം ഒന്നിച്ചിങ്ങുദിക്കട്ടെ
ആയുരാരോഗ്യസൗഖ്യം നിത്യവും വർദ്ധിക്കട്ടെ
ശ്ലൈഹികസിംഹാസനേ, വാണരുൾ! നീണാൾ വാഴ്ക!
തേജസ്മേൽ തേജസോടെ കൃപമേൽ കൃപയോടെ

**അടുത്തലക്കം ഹെർമ്മോൻ ദൂതനിൽ പ്രസിദ്ധീകരിക്കുവാനുള്ള തിരുവചനധ്യാനങ്ങൾ, വാർത്തകൾ, ലേഖനങ്ങൾ, പഠനങ്ങൾ, കഥകൾ, കവിതകൾ, വിവാഹപരസ്യങ്ങൾ, കാര്യപരിപാടികൾ, വ്യക്തിഗത നേട്ടങ്ങൾ എന്നിവ അറിയിച്ചാൽ എഡിറ്റോറിയൽ കമ്മിറ്റിയുടെ അനുമതിക്കു വിധേയമായി അത് പ്രസിദ്ധീകരിക്കുന്നതായിരിക്കും**

**2018 ആഗസ്റ്റ് 20 – നുമുൻപ് ലഭിച്ചിരിക്കണം. നിങ്ങളുടെ അഭിപ്രായങ്ങൾക്കും സ്വാഗതം**



**2018 ജൂലൈ – സെപ്റ്റംബർ**

**വിഷയം : സമഗ്ര വികസനം വിദ്യാഭ്യാസത്തിലൂടെ...**

*കൂടുതൽ വിവരങ്ങൾക്ക്:*

**റവ. പി.ജെ. തോമസ് – 9447804802, എഡിറ്റർ, ഹെർമ്മോൻ ദൂതൻ, ഹെർമ്മോൻ അരമന, അടൂർ – 691523**

E-mail: hermondoothan@gmail.com, email:rev.thomastharakan@gmail.com

# Water cans at Cana



O.C.Cherian

Marriage at Cana as referred in John 2; 1-11 is very significant in Holy Bible for this was the first miracle by Christ Jesus. Here we are emphasizing on the ceremonial stone water jars used for the miracle. These cans are used only once a while for certain holy rituals in the family. In a way these water cans/ jars are mostly unattended or not used for normal purpose and will remain dry and empty, in the normal course.

Let us evaluate how our family relations with in the house now a days. Living together with in the same roof unattended each other like strangers and join together only for some ceremonial functions. Or are we living together happily, eating together, praying together and sharing together to keep the holiness of the house to make it a Home. Unless we are together to form a 'spiritual oasis' within, we may not enjoy the manifestations and blessings from heaven. Human life has its Christian perfection when body, mind and spirit align together. For this to happen there should be a divine touch in everyone's life, as water changed to wine in colour, flavor and aroma.

Human life is almost like the stone jars. Externally it looks valued and impressive. But internally it is empty. In the sense, spiritually it is empty. The divinity in heart and face is lost; most of the faces are even without smile. All these losses are recoverable when Jesus comes into our heart and life.

Mother of Jesus told His disciples 'Do what He tells you'. They simply waited for His order and He told them to fill all the six jars with water. They never even questioned Him, the purpose of it. They could have disbelieved and disobeyed Him. But they obeyed in Him what he instructed them to do for they believed in Him and we read the manifestations and miracles during the ceremony. He specifically asked them to fill the water to the brim of jars, not partial. We have to remember that these water jars are used only for certain spiritual purity rituals. Let us think this way. These stone jars resemble each one of us as family members in a family. Are we remaining as these jars spiritually refined only during some ceremonial functions or eves? But that is not the expectation of god from each one of us. But as referred to the stone jar, he wants each one of us, the human stone jars to fill in with purity and holiness, not partially but fully. Then God will practically work on us to make us precious and priceless. This truth is every Christian should personally enjoy in life and lead a meaningful life. Not simply to live and die! We are not to remain 'sand and stone jars' without life and spirit, living here only for some ceremonial functions. All the stone jars were collected together by His disciple, before they were filled with water. The dry jars are not filled with water! Our family within the house should also stay together pray together to be filled in Holy Spirit and power. The wine in His holy presence was unique. The water turned to with matchless color, tasty and aroma. It was tastier than all wines they tasted. When we invite Jesus to our life, such miracles will happen.

But, let us remember the verse, "Lord formed the man from the dust of the ground and breathed into the nostrils the *breath of life* and the man became a living being". God made each one of us. Let us not surrender to evil life and loose our eternity, but our emptiness may be filled with Holy Spirit.

Each family is relevant for the future of the world for, even the nature is against humankind for the damages and torturing we do on it. We have to change for us and for our future generation to survive here. Let no devil and evil take up control on the world tomorrow.

**Ahead of 100$^{th}$ Birthday Philipose Mar Chrysostom Marthoma Metropolitan, our beloved Valia Thirumeni told in an interview. "My father lived up to 103 years. Now I am turning 100. But I do not believe that I have a significant contribution to the world. I was born in an ordinary village. I am not ambitious. I have never chased anything. But God made me do many things. I am happy." As we know he is a living witness to the world. We too should realize what type of contribution we can give to the world around and what will be the identity we will make to our family and society, when we will leave the world.**

# പ്രശ്നോത്തരി

കഴിഞ്ഞ ലക്കത്തിലെ വിജയി

**സ്റ്റാൻസി ശാമുവേൽ, താമരക്കുളം സെന്റ് തോമസ്**

1. ജൂലി മാത്യൂസ്, ഷാർജ മാർത്തോമ്മാ ചർച്ച്
2. ആനി വർഗ്ഗീസ്, പുതുവൽ സെന്റ് തോമസ്, പത്തനാപുരം
3. ജോജിൻ വിൽസൺ, കുളക്കട സെന്റ് തോമസ്
4. മേരിക്കുട്ടി പാപ്പച്ചൻ, സെന്റ് തോമസ് എം.റ്റി.സി. ചുനക്കര
5. മറിയാമ്മ തോമസ്, പള്ളിക്കൽ സെന്റ് തോമസ്
6. ഏലിയാമ്മ ജേക്കബ്, വാത്തികുളം ബഥേൽ
7. കെ.എസ്. തോമസ്, ചുനക്കര സെന്റ് തോമസ് എം.റ്റി.സി.
8. കെ. ബോസ്, പതാരം എം.റ്റി.സി.
9. ആലീസ് തോമസ്, തേവലക്കര ഇമ്മാനുവേൽ
10. ലൗലി വർഗ്ഗീസ്, ഞക്കനാൽ ശാലേം എം.റ്റി.സി.
11. വത്സമ്മ മാത്യു, കണ്ണങ്കോട് എം.റ്റി.സി.
12. ലിസി യോഹന്നാൻ, തുരുത്തിക്കര ഇമ്മാനുവേൽ
13. സോഹിൻ സാംസൺ, കറ്റാനം സെന്റ് തോമസ്
14. റീനാ ബിജി, കണ്ണങ്കോട് എം.റ്റി.സി.
15. ലിസി ജോൺ, കറ്റാനം സെന്റ് തോമസ്
16. ലീലാമ്മ കുഞ്ഞുമോൻ, സെന്റ് തോമസ് എം.റ്റി.സി. കൊല്ലക
17. ശോഭ റെജി, കൊറ്റനല്ലൂർ ശാലേം എം.റ്റി.സി. മണക്കാല
18. ജസ്റ്റി സതീഷ്, മാർത്തോമ്മാ വലിയപള്ളി, തേവലക്കര
19. സിജി കോശി, സെന്റ് തോമസ് എം.റ്റി.സി. പുതുവൽ
20. ഷേർലി ജെയിംസ്, സെന്റ് തോമസ് എം.റ്റി.സി. കുറത്തികാട്
21. ഷേർലി സാം ജോർജ്ജ്, സെഫിയോൻ എം.റ്റി.സി. കൊടുമൺ
22. മറിയാമ്മ ബാബു, പതാരം, എം.റ്റി.സി.
23. എലാസബേത്ത് ജോൺസൺ, കൊല്ലക സെന്റ് തോമസ് എം.റ്റി.സി.
24. സൂസമ്മ ജോൺ, കായംകുളം
25. അന്നമ്മ തോമസ്, കോഴിക്കോട് സെന്റ് തോമസ്
26. ലിൻസി മാത്യു, പള്ളിക്കൽ സെന്റ് തോമസ്
27. ബിന്ദു സാബു, മണക്കാല
28. അന്നമ്മ ബെൻസി, കുന്നിട
29. കുഞ്ഞുമോൾ മാത്യു, കുളക്കട സെന്റ് തോമസ്
30. മാത്യു ഡി, കുളക്കട സെന്റ് തോമസ്
31. മോളി ജേക്കബ്, കറ്റാനം സെന്റ് തോമസ്
32. റോസമ്മ ബേബി, ഏനാത്ത്
33. ജേക്കബ് ശമുവേൽ, വെട്ടിയാർ ശാലേം
34. സാലി ഷാജി, കൊറ്റനല്ലൂർ ശാലേം
35. ബീന തോമസ്, കറ്റാനം സെന്റ് തോമസ്
36. ജെയിൻ മറിയം ജോർജ്ജ്, കടമ്പനാട് ഇമ്മാനുവേൽ
37. കെ.ഒ. ശമുവേൽകുട്ടി, മുട്ടംശാലേം
38. കുഞ്ഞമ്മ ഫീലിപ്പോസ്, കണ്ണംകോട് എം.റ്റി.സി.
39. പി.വി. ബാബു, പന്തളം എം.റ്റി.സി.
40. സോളി ജേക്കബ്, കറ്റാനം സെന്റ് തോമസ്
41. മേരി മാത്യു, മണ്ണടി എം.റ്റി.സി.
42. ലീലാമ്മ ഫിലിപ്പ്, ചുനക്കര സെന്റ് തോമസ്
43. കെ. ജോൺ, വെട്ടിയാർ ശാലേം
44. ലിജി റെജി, തുവയൂർ എബനേസർ
45. ആനി കുഞ്ഞുമോൻ, കറ്റാനം സെന്റ് തോമസ്
46. ലൗലി ലൂക്കോസ്, കൊല്ലക സെന്റ് തോമസ്
47. സീന സജി, കുറത്തികാട് സെന്റ് തോമസ്
48. ആനി അലക്സാണ്ടർ, കറ്റാനം സെന്റ് തോമസ്
49. സാറാമ്മ ഏബ്രഹാം, തേവലക്കര വലിയപള്ളി
50. പി.റ്റി. തോമസ്, പത്തനാപുരം ഇമ്മാനുവേൽ
51. റ്റി.എൻ. വർഗ്ഗീസ്, കൊടുമൺ സെഹിയോൻ
52. മേരിക്കുട്ടി ഏബ്രഹാം, വാത്തികുളം ബഥേൽ
53. അശ്വിൻ ജോൺ അനിയൻകുഞ്ഞ്, വെസ്റ്റ് കല്ലട
54. ജിനി ജോൺസൺ, തേവലക്കര ഇമ്മാനുവേൽ
55. ഷീജ സജി, താമരക്കുളം സെന്റ് തോമസ്
56. പ്രിൻസി ബാബു, തേവലക്കര ഹെബ്രോൺ
57. ലാലി ജെയിംസ്, തേവലക്കര ഇമ്മാനുവേൽ
58. ആനി ബെൻസി, കുന്നിട സെന്റ് തോമസ്
59. റാഹേലമ്മ വർഗ്ഗീസ്, കറ്റാനം സെന്റ് തോമസ്
60. മോളിക്കുട്ടി മാത്യു, വയല ശാലേം
61. ഓമന തങ്കച്ചൻ, കലയപുരം ശാലേം
62. ഷൈനി തോതമസ്, തേവലക്കര ഇമ്മാനുവേൽ
63. സൈമൺ റ്റി. മാത്യു, എലിക്കാട്ടൂർ
64. അന്നമ്മ കോശി, കൊടുമൺ സെഹിയോൻ
65. ജെസ്സി ജോൺസൺ, തേവലക്കര ഇമ്മാനുവേൽ
66. പി.ജി. തോമസ്, പുത്തേത്ത് കോഴിക്കോട് സെന്റ് തോമസ്
67. ജെസി ജോസഫ്, തഴവ എം.റ്റി.സി.
68. പൊന്നമ്മ തോമസ്, ചാച്ചിപുന്ന ശാലേം
69. കെ.എം. ഏബ്രഹാം, കൊറ്റംപള്ളി ബഥേൽ
70. തോമസ് ജോർജ്ജ്, പത്തനാപുരം ഇമ്മാനുവേൽ
71. റോസമ്മ തങ്കച്ചൻ, കോഴിക്കോട് സെന്റ് തോമസ്
72. കോശി എം.തോമസ്, പുതുവൽ സെന്റ് തോമസ്
73. റെയ്ച്ചൽ ചാക്കോ, കൂടൽ ബഥേൽ
74. ദിയ ഗ്രെയ്സ്, കൂടൽ ബഥേൽ
75. ഡോണ മെറിൻ, കൂടൽ ബഥേൽ
76. ഷിബു തോമസ്, കൂടൽ ബഥേൽ
77. പ്രിയ ഷിബു, കൂടൽ ബഥേൽ
78. ജിജി ബാബു, ചുനക്കര സെന്റ് തോമസ്
79. മോളി കുഞ്ഞുമോൻ, താമരക്കുളം സെന്റ് തോമസ്
80. ലിജാ സന്തോഷ്, ചുനക്കര സെന്റ് തോമസ്
81. സാം പി. തോമസ്, അടൂർ ഇമ്മാനുവേൽ
82. ലത ജോർജ്ജ്, ചാച്ചിപ്പുന്ന ശാലേം
83. ലിൻസി സോണി, അടൂർ ഇമ്മാനുവേൽ
84. ജിയ മറിയം, ചുനക്കര സെന്റ് തോമസ്
85. ബിന്ദു സജി, വെസ്റ്റ് കല്ലട
86. ലിസി യേശുദാസ്, കാപ്പിൽ സെന്റ് തോമസ്
87. ജിൻസി ജോയ്, കുളക്കട സെന്റ് തോമസ്
88. ഗീത പി. സൈമൺ, കോഴിക്കോട് സെന്റ് തോമസ്
89. ഡോ. ലേയാ സാറാ മാത്യു, കോഴിക്കോട് സെന്റ് തോമസ്
90. ഡോ. റിജോ സൈമൺ തോമസ്, കോഴിക്കോട് സെന്റ് തോമസ്
91. ഷിജി സിറിൽ, കൊടുമൺ സെഹിയോൻ
92. എൽസി ജേക്കബ്, പത്തനാപുരം ഇമ്മാനുവേൽ
93. ശാന്തമ്മ ജോൺ, അടൂർ ഇമ്മാനുവേൽ
94. ലില്ലിക്കുട്ടി ശമുവേൽ, കലയപുരം ശാലേം
95. റ്റിങ്കിൾ കെ. ജോൺ, കോഴിക്കോട് സെന്റ് തോമസ്
96. വത്സമ്മ തോമസ്, തഴവ എം.റ്റി.സി.
97. ഒ. തോമസ്, വാത്തികുളം ബഥേൽ
98. റിജിൻ കെ., പന്തളം എം.റ്റി.സി.
99. അമ്മിണി ഡേവിഡ്, ചാച്ചിപ്പുന്ന ശാലേം
100. മറിയം നൈനാൻ, പള്ളിക്കൽ സെന്റ് തോമസ്
101. നവോമി എം. മാത്യു, കുളക്കട സെന്റ് തോമസ്
102. കെ.ജി. രാജൻ, തേവലക്കര ഇമ്മാനുവേൽ
103. സുനി സജു, ചുനക്കര സെന്റ് തോമസ്
104. സ്റ്റാൻസി ശമുവേൽ, താമരക്കുളം സെന്റ് തോമസ്
105. അച്ചാമ്മ ജോൺ, വെട്ടിയാർ സെന്റ് തോമസ്
106. ബീന ജേക്കബ്, ചുനക്കര സെന്റ് തോമസ്
107. അന്നമ്മ കോശി, ഐരാണിക്കുഴി ഇമ്മാനുവേൽ
108. ഡിൽസ രാജു, തേവലക്കര ഇമ്മാനുവേൽ
109. പി. രാജൻ, വാത്തികുളം സെന്റ് തോമസ്
110. ജിജി ജേക്കബ്, തേവലക്കര ഇമ്മാനുവേൽ

## കഴിഞ്ഞ ലക്കത്തിലെ ഉത്തരങ്ങൾ

1. കരുണയുടെ വീട്
2. വചനത്തിന്റെ അടിവേരുകൾ
3. വികാരി ജനറാൾ, വന്ദ്യ ദിവ്യശ്രീ. വി.പി. മാമൻ കശ്ശീശ
4. സാധു കൊച്ചുകുഞ്ഞ് ഉപദേശി
5. വളർച്ചയുടെ വെല്ലുവിളിയായി
6. വിശ്വാസം
7. ആഘോഷവും ആർഭാടവും വെടിഞ്ഞ് ലളിതജീവിതം നയിക്കണം

## ഈ ലക്കത്തിലെ ചോദ്യങ്ങൾ

1. മാർ ക്രിസോസ്റ്റം വലിയ മെത്രാപ്പോലീത്താ തിരുമേനിക്ക് ദൈവം നൽകിയ പ്രത്യേക സിദ്ധി എന്താണ്?
2. ആദിമസഭയുടെ ഹൃദയങ്ങളിൽ ഉയിർപ്പിന്റെ പ്രതലങ്ങൾ സൃഷ്ടിച്ചതെന്ത്?
3. മനുഷ്യോത്പത്തിയോളം ചരിത്രം പേറുന്നവർ ആരാണ്?
4. സുവിശേഷത്തെപ്പറ്റിയുള്ള മാർ ക്രിസോസ്റ്റത്തിന്റെ ദർശനം എന്താണ്?
5. വൈദികൻ ആരായിരിക്കണം?
6. എന്താണ് ക്രിസ്തുവിന് നൽകേണ്ടത്?
7. മലയാളിയുടെ ഹൃദയത്തിൽ എന്താണ് മാർ ക്രിസോസ്റ്റം ചാർത്തിയത്?

**ഈ ലക്കം ഹെർമ്മോൻ ദൂതൻ അടിസ്ഥാനമാക്കിയുള്ളതാണ് ചോദ്യങ്ങൾ. ശരിയുത്തരം നൽകുന്നവരിൽനിന്ന് തെരഞ്ഞെടുക്കപ്പെടുന്ന ഒരാൾ സമ്മാനാർഹനാകുന്നതാണ്. ഉത്തരങ്ങൾ ലഭിക്കേണ്ട അവസാന തീയതി: 2018 ആഗസ്റ്റ് 20**

ഹെർമ്മോൻ ദൂതൻ പ്രശ്നോത്തരിക്ക് ലഭിക്കുന്ന അഭൂതപൂർവ്വമായ പ്രതികരണത്തിന് നന്ദി...
ശരിയുത്തരം അയയ്ക്കുന്നവരിൽനിന്ന് നറുക്കെടുപ്പിലൂടെയാണ് വിജയിയെ നിർണ്ണയിക്കുക. **– എഡിറ്റർ**


# ജന്മദിനാശംസകൾ



ഡോ. പീലിപ്പോസ് മാർ ക്രിസോസ്റ്റം
വലിയ മെത്രാപ്പോലീത്താ
ഏപ്രിൽ 27



ഡോ. ജോസഫ് മാർത്തോമ്മാ
മെത്രാപ്പോലീത്താ
ജൂൺ 27



ഡോ. ഗീവർഗീസ് മാർ അത്താന്യോസസ്
സഫ്രഗൻ മെത്രാപ്പോലീത്താ
ഏപ്രിൽ 26



ഡോ. തോമസ് മാർ തീത്തൂസ്
എപ്പിസ്കോപ്പാ
മെയ് 10



റൈറ്റ് റവ. ഡോ. ഏബ്രഹാം മാർ പൗലോസ് എപ്പിസ്കോപ്പാ
കൂദാശ നിർവ്വഹിച്ച കുന്നിട സെന്റ് തോമസ് മാർത്തോമ്മാ ദേവാലയം



പന്തളം സെന്റർ യംഗ് വിമൺസ് ഫെല്ലോഷിപ്പ് ഉദ്ഘാടനം



പന്തളം മാർത്തോമ്മാ ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ സിൽവർ ജൂബിലി ഉദ്ഘാടനം

# ADMISSION NOTICE 2018-19

## DR. JOSEPH MAR THOMA INSTITUTE OF PHARMACEUTICAL SCIENCES & RESEARCH





ST.THOMAS COLLEGE OF NURSING



SCHOOL OF NURSING

1. **SCHOOL OF NURSING** (Approved by INC & KNC) Ph: 0479-2332063/9497886109
   - **General Nursing & Midwifery Diploma (GNM)** (3 years)
   - **Auxiliary Nursing & Midwifery Diploma (ANM)** (2 years)
2. **ST. THOMAS COLLEGE OF NURSING** (Approved by INC & KNC) Ph: 0479-2333631
   - **B.Sc Nursing** (4 years) Management & NRI quota, affliated to KUHS
   - **M.Sc Nursing** (2 years) Communtiy Health Nursing
3. **DR. JOSEPH MAR THOMA INSTITUTE OF PHARMACEUTICAL SCIENCES & RESEARCH**
   (Affiliated to KUHS & Approved by AICTE & Pharmacy Council of India) Ph: 0479 2339750
   - **B. Pharm** (4 years)
4. **DR. JOSEPH MAR THOMA INSTITUTE OF OPHTHALMOLOGY & RESEARCH CENTRE** (Bharathiar Universtiy) Ph: 0479 3012345 extn.270/ 8281916607
   - **BSc Optomtery & Ophthalmic Technology** (4 years)
5. **SCHOOL OF MLT** Ph: 0479 3012345 extn.270/9495248334
   - **Diploma in Medical Lab Technology** (2 years) CMAI

REV. JOHNSON MATHEW KOTTANAD (ADMINISTRATOR)

Printed & Published by: Rev. Shibu Mathew (Manager), on behalf of Mar Thoma Sabha Adoor Diocese, Hermon Aramana, Adoor P.O.
Printed at Mar Thoma Press, Thiruvalla. Chief Editor: Rev. P.J. Thomas